2023
DECEMBER
04
MONDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET
capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995




## ജനുവരി മുതൽ ഹോണ്ട കാറുകൾക്ക് വിലയേറും

**കൊച്ചി:** ജനുവരി മുതൽ തങ്ങളുടെ എല്ലാ വിഭാഗങ്ങളിലുമുള്ള വാഹനങ്ങളുടെ വില വർധിപ്പിക്കാനൊരുങ്ങി ഹോണ്ട കാർസ്. ഇൻപുട്ട് ചെലവുകളിലുണ്ടായ വർധനയുടെ ആഘാതം ഭാഗികമായി നികത്തുന്നതിനാണ് ഇതെന്ന് ഹോണ്ട കാർസ് ഇന്ത്യ മാർക്കറ്റിങ് ആൻഡ് സെയിൽസ് വൈസ് പ്രസിഡൻറ് കുനാൽ ബെൽ പറഞ്ഞു.

എലിവേറ്റ്, സിറ്റി, അമേസ് എന്നീ മൂന്ന് മോഡലുകളാണ് ജപ്പാൻ ആസ്ഥാനമായ കമ്പനി ഇന്ത്യൻ വിപണിയിൽ വിൽക്കുന്നത്. ഓരോ മോഡലിനും എത്ര വില ഉയർത്തണമെന്ന് ഈ മാസം അവസാനത്തോടെ തീരുമാനിക്കും. പുതിയ മോഡൽ എലിവേറ്റിന് വിപണിയിൽ നിന്ന് മികച്ച സ്വീകാര്യത ലഭിച്ചു. ഈ മോഡലിൻറെ പ്രാരംഭ വില ഡിസംബർ അവസാനം വരെ സാധുവായിരിക്കും. 2024 ജനുവരി മുതൽ വില പരിഷ്കരിക്കുമെന്നും അദ്ദേഹം പറഞ്ഞു.

# ഹിന്ദി ഹൃദയ ഭൂമി പിടിച്ചടക്കി ബിജെപി

**ന്യൂഡൽഹി:** ഹിന്ദി ഹൃദയഭൂമിയിലെ മൂന്ന് സംസ്ഥാനങ്ങളിൽ മിന്നും ജയം സ്വന്തമാക്കിയ ബിജെപി ലോക്സഭാ തെരഞ്ഞെടുപ്പിലേക്ക് പോകുന്നത് വലിയ ആത്മവിശ്വാസത്തോടെ. രണ്ടു പതിറ്റാണ്ടായി ഭരിക്കുന്ന മധ്യപ്രദേശിലും ഭരണം തിരിച്ചുപിടിച്ച രാജസ്ഥാൻ, ഛത്തീസ്ഗഢ് സംസ്ഥാനങ്ങളിലും മോഹിപ്പിക്കുന്ന ജയമാണ് ബിജെപി സ്വന്തമാക്കിയത്.




ഛത്തീസ്ഗഡിൽ കോൺഗ്രസ് മുന്നേറ്റമായിരിക്കുമെന്നാണ് എക്സിറ്റ് പോൾ ഫലങ്ങളിൽ പ്രവചിക്കപ്പെട്ടിരുന്നത്. എന്നാൽ ജനവിധി ഊഹക്കണക്കുകളെ തൂത്തെറിഞ്ഞ് തിളക്കമാർന്ന ജയം ബിജെപിക്ക് സമ്മാനിക്കുകയായിരുന്നു. തുടർഭരണം എന്ന റിക്കോർഡ് പ്രതീക്ഷിച്ച ഭൂപേഷ് ബാഗലിന് രമൺ സിംഗും സംഘവും കനത്ത തിരിച്ചടിയാണ് സമ്മാനിച്ചത്.

രണ്ട് പതിറ്റാണ്ടായി അധികാരം കൈയാളുന്ന മധ്യപ്രദേശിലെ ജയമാണ് ബിജെപിക്ക് ഏറ്റവും മധുരിക്കുന്നത്. പ്രചരണത്തിൽ ശക്തമായി രംഗത്തുണ്ടായിരുന്ന കോൺഗ്രസിനെ ജനവിധിയിൽ ബഹുദൂരം പിന്നിലാക്കാൻ ശിവരാജ് സിംഗ് ചൗഹാനും സംഘത്തിനും കഴിഞ്ഞു. കോൺഗ്രസ് ഭരിച്ച രാജസ്ഥാനിൽ പാർട്ടിയിലെ തമ്മിലടിയാണ് തോൽവിയുടെ പ്രധാന കാരണമായി വിലയിരുത്തപ്പെടുന്നത്. മുഖ്യമന്ത്രി അശോക് ഗെഹ്ലോട്ടും യുവനേതാവ് സച്ചിൻ പൈലറ്റും തമ്മിലുള്ള പരസ്യപ്പോര് ഹൈക്കമാൻഡിന് സൃഷ്ടിച്ച പ്രതിസന്ധി ചെറുതല്ല. ഫലമോ, ഭരണവിരുദ്ധവികാരം കുറവായിരുന്ന സംസ്ഥാനത്ത് അധികാരം നഷ്ടമായി.

അടുത്ത വർഷം നടക്കുന്ന ലോക്സഭാ തെരഞ്ഞെടുപ്പിന് മുന്നോടിയായി നടന്ന തെരഞ്ഞെടുപ്പിലെ വിജയം ബിജെപിക്ക് നൽകുന്ന ആത്മവിശ്വാസം ചെറുതല്ല. സംസ്ഥാനത്തെ വിജയങ്ങൾ ലോക്സഭയിലും തുടർന്നാൽ മൂന്നാം തവണയും രാജ്യത്തിൻറെ പ്രധാനമന്ത്രി പദത്തിലേക്ക് നരേന്ദ്ര മോദിക്ക് നിഷ്പ്രയാസം നടന്നുകയറാൻ കഴിയും.




## നവംബറിൽ ജിഎസ്ടി വരുമാനം 1.67 ലക്ഷം കോടി

**ന്യൂഡൽഹി:** നവംബറിൽ രാജ്യമാകെയുള്ള ജിഎസ്ടി വരുമാനം 1.67 ലക്ഷം കോടി രൂപ. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 15% വളർച്ചയുണ്ടായി. ഒക്ടോബറിലെ ജിഎസ്ടി വരുമാനം 1.72 ലക്ഷം കോടി രൂപയായിരുന്നു.

കേന്ദ്രത്തിന് അർഹതപ്പെട്ട ജിഎസ്ടി (സിജിഎസ്ടി) 30,420 കോടി, സംസ്ഥാനത്തിനുള്ള ജിഎസ്ടി (എസ്ജിഎസ്ടി)38,226 കോടി, ഒന്നിലേറെ സംസ്ഥാനങ്ങളിലായി നടക്കുന്ന ഇടപാടുകൾക്കുള്ള ഇൻറഗ്രേറ്റഡ് ജിഎസ്ടി (ഐജിഎസ്ടി)87,009 കോടി, സെസ്12,274 കോടി എന്നിങ്ങനെയാണ് നവംബറിലെ വരുമാനം. ആറാം തവണയാണ് ജിഎസ്ടി വരുമാനം 1.6 ലക്ഷം കോടി കടക്കുന്നത്.

ജിഎസ്ടി വരുമാനത്തിൽ കേരളത്തിൽ 20% വളർച്ച കഴിഞ്ഞ മാസമുണ്ടായി. കഴിഞ്ഞ വർഷം നവംബറിൽ 2,094 കോടി രൂപയായിരുന്നത് ഇത്തവണ 2,515 കോടിയായി.

## റിക്കാർഡ് തിളക്കവുമായി പവൻ



ദക്ഷിണേന്ത്യ അടയ്ക്ക വിളവെടുപ്പിന് ഒരുങ്ങുന്നു. ഓഫ് സീസണിലെ മികവു നിലനിർത്താൻ ഉത്പന്നം ക്ലേശിക്കാം. ക്രിസ്മസ് ഡിമാൻഡ് തേയില വിലകളിൽ നവോന്മേഷം പകരുമോ മധ്യവർത്തികൾ കളി തുടങ്ങിയതോടെ ജാതിക്ക വിലയിൽ നേരിയ മുന്നേറ്റം. ആഭ്യന്തര വിദേശ ഇടപാടുകാർ ഏലക്ക സംഭരണം ശക്തമാക്കി. ടയർ ലോബി റബർ ഉത്പാദകരെ വീണ്ടും പിഴിയുന്നു. റിക്കാർഡ് തിളക്കവുമായി പവൻ.

ദക്ഷിണേന്ത്യയുടെ വിവിധ ഭാഗങ്ങളിലെ കമുകുകൾ വിളവെടുപ്പിന് ഒരുങ്ങി. പുതിയ ചരക്ക് വേഗത്തിൽ വില്പനയ്ക്ക് ഇറക്കാനുള്ള ശ്രമത്തിലാണ് ചെറുകിട കർഷകർ. വൻകിട തോട്ടങ്ങളിൽ വിളവെടുപ്പ് ഊർജിതമാക്കും മുന്നേ കൂടിയ വിലയ്ക്ക് പരമാവധി അടയ്ക്ക വിറ്റുമാറാൻ മലബാർ മേഖലയിലെ ഉത്പാദകർ നീക്കം തുടങ്ങി. വടക്കൻകേരളത്തിൽനിന്നു വൈകാത പുതിയ അടയ്ക്ക കൂടുതലായി ഇറങ്ങിത്തുടങ്ങും. കർണാടകത്തിലെ തോട്ടങ്ങളിൽ നിന്നുള്ള ചരക്കും വൈകാതെ വിപണി കീഴടക്കാം. ഹൊസൂർ, ചിക്കമംഗലൂർ, ഉടുപ്പി, ദക്ഷിണ കന്നട മേഖലകളിലെ അടയ്ക്ക ക്രിസ്മസിന് മുന്നേ വിപണിയിൽ ഇടം പിടിക്കും.

ഏതാനും മാസങ്ങളായി 38,000 രൂപയിൽ നീങ്ങിയ അടയ്ക്ക ഇതിനകം 37,000ലേക്ക് കൊച്ചിയിൽ താഴ്ന്നു. വരും മാസങ്ങളിൽ വിപണി 35,00032,000ലേക്ക് തിരുത്തലിന് നീക്കം നടത്താം. വിദേശ അടയ്ക്ക രാജ്യത്തിൻറെ വിവിധ ഭാഗങ്ങളിൽ ഉയർന്ന അളവിൽ വില്പനയ്ക്ക് ഇറങ്ങിയിട്ടുണ്ട്. ഈ ചരക്ക് തന്നെയാവും ഉത്പാദകർക്ക് മുന്നിൽ ഭീഷണി ഉയർത്തുക. ശ്രീലങ്ക, ഇന്തോനേഷ്യ, മ്യാൻമാർ അടയ്ക്ക നിലവിൽ ഇന്ത്യൻ വിപണികൾ കൈയടക്കിയിട്ടുണ്ട്. പാൻമസാല വ്യവസായികളെ ലക്ഷ്യമാക്കിയാണ് വിദേശ ചരക്ക് എത്തിക്കുന്നത്. ഇതിനിടയിൽ കാർഷിക മേഖലയിലെ പുതിയ ചരക്ക് ജനുവരിയിൽ കൂടുതലായി എത്തിയാൽ ഇറക്കുമതി അടയ്ക്കയ്ക്ക് അവർ വില കുറച്ച് വിറ്റഴിക്കാം.






ട്രാൻസ്പ്ലാന്റ് ഗെയിംസിന്റെ പ്രചാരണാർത്ഥം ആസ്റ്റർ മെഡ്സിറ്റി, കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം എന്നിവരുമായി ചേർന്ന് ലിവർ ഫൗണ്ടേഷൻ ഓഫ് കേരള നടത്തിയ സൈക്ലത്തോൺ സിയാൽ എക്സിക്യൂട്ടീവ് ഡയറക്ടർ ഷാജി കെ ജോർജ് ഫ്ലാഗ് ഓഫ് ചെയ്യുന്നു

# അവയവദാന സന്ദേശം പകർന്ന് ശ്രദ്ധേയമായി സൈക്ലത്തോൺ

**കൊച്ചി:** അവയവ ദാനം മഹാ ദാനം എന്ന സന്ദേശം ഉയർത്തി ശ്രദ്ധേയമായി സൈക്ലത്തോൺ. ട്രാൻസ്പ്ലാന്റ് ഗെയിംസിന്റെ പ്രചാരണാർത്ഥം ആസ്റ്റർ മെഡ്സിറ്റി, കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം എന്നിവരുമായി ചേർന്നാണ് ലിവർ ഫൗണ്ടേഷൻ ഓഫ് കേരള സിയാൽ മുതൽ ആസ്റ്റർ വരെ സൈക്ലത്തോൺ സംഘടിപ്പിച്ചത്. അവയവ മാറ്റത്തിന് വിധേയരായവർക്കൊപ്പം വിവിധ സൈക്ലിംഗ് ക്ലബ്ബ് അംഗങ്ങളടക്കം നൂറിലേറെ പേരാണ് 24 കിലോമീറ്റർ നീണ്ട സൈക്ലത്തോണിൽ പങ്കാളികളായത്. സിയാൽ ബിസിനസ് ജെറ്റ് ടെർമിനലിന് മുന്നിൽ സിയാൽ എക്സിക്യൂട്ടീവ് ഡയറക്ടർ ഷാജി കെ ജോർജ് ഫ്ലാഗ് ഓഫ് ചെയ്ത സൈക്ലത്തോൺ ആസ്റ്റർ മെഡ്സിറ്റിയിൽ ഹാർട്ട് കെയർ ഫൌണ്ടേഷൻ ചെയർമാൻ ഡോ. ജോസ് ചാക്കോ പെരിയപ്പുറം മെഡലുകൾ സമ്മാനിച്ചു.

അവയവ മാറ്റം നടത്തിയ ആളുകൾക്കും സാധാരണ ജിവിതം സന്തോഷത്തോടെ മുന്നോട്ടു കൊണ്ടുപോകാൻ കഴിയുമെന്ന സന്ദേശം പകരാൻ ഈ പരിപാടിക്ക് സാധിച്ചതായി ലിഫോക്ക് ട്രഷറർ ബാബു കുരുവിള പറഞ്ഞു. അവയവമാറ്റ ചികിത്സകൾക്ക് വിധേയരായവർക്ക് ഭാരപ്പെട്ട കാര്യങ്ങളിൽ ഏർപ്പെടാൻ കഴിയില്ല എന്ന മിഥ്യാധാരണ തിരുത്തി കുറിക്കാൻ സൈക്ലത്തോണിലൂടെ സാധിച്ചെന്ന് ലിഫോക് ജനറൽ സെക്രട്ടറി മനോജ് കുമാർ പറഞ്ഞു.

കരൾ മാറ്റിവെച്ച ബാബു കുരുവിള, ഫ്രാൻസിസ് ജോൺ, ജിജി ജോർജ്, മനോജ്കുമാർ, മനോജ് നന്ദകുമാർ, സണ്ണി ജോസ് മറ്റത്തിൽ, ഉണ്ണികൃഷ്ണൻ ടിഎസ്, കിഡ്നി സ്വീകരിച്ച ഹരീഷ് ലവൻ എന്നിവർക്കൊപ്പം അവയവം ദാനം ചെയ്ത ഹൃതിക് മനോജ്, മൂഹാൻ മുഹമ്മദ് ജൗഹർ തുടങ്ങിയവരും സൈക്ലത്തോണിന്റെ ഭാഗമായി. സൈക്ലത്തോണിന്റെ ഭാഗമായി പങ്കെടുത്തവരിൽ പ്രായം കൂടി സൈക്ലിസ്റ്റ് പറവൂർ സ്വദേശി ജോയ്, പ്രായം കുറഞ്ഞ ആദിൽ നവാസ്, കിഡ്നി മാറ്റിവെച്ച ഹാരിഷ് ലവൻ എന്നിവർക്ക് പ്രത്യേക ട്രോഫികൾ നൽകി. സൈക്ലത്തോണിൽ പങ്കെടുത്തവർക്ക് മെഡലും, സർട്ടിഫിക്കറ്റുകളും ആസ്റ്റർ മെഡ്സിറ്റി പ്രിവിലേജ് കാർഡും സമ്മാനിച്ചു.

ആസ്റ്റർ മെഡ്സിറ്റി ഹെഡ് ഓഫ് ഓപ്പറേഷൻസ് ധന്യ ശ്യാമളൻ, സീനിയർ കൺസൽട്ടന്റ് ഹെപ്പറ്റോളജി ഡോ ചാൾസ് പനക്കൽ, ഹാർട്ട്കെയർ ഫൗണ്ടേഷൻ സിഇഒ ലിമി റോസ്, ആസ്റ്റർ മീഡിയ റിലേഷൻസ് ഹെഡ് ശരത്കുമാർ ടി എസ് തുടങ്ങിയവർ പങ്കെടുത്തു. ഡിസംബർ 9ന് കൊച്ചിയിൽ നടക്കുന്ന രാജ്യത്തെ ഏറ്റവും വലിയ ട്രാൻസ്പ്ലാന്റ് ഗെയിംസിന്റെ പ്രചരണാർത്ഥമാണ് പരിപാടി സംഘടിപ്പിച്ചത്. സർക്കാരിന്റെ അവയവമാറ്റ സംഘടനയായ കെ സോട്ടോ, ലിവർ ഫൗണ്ടേഷൻ ഓഫ് കേരള എന്നിവരുടെ സഹകരണത്തോടെയാണ് ഹാർട്ട് കെയർ ഫൗണ്ടേഷൻ ട്രാൻസ് പ്ലാന്റ് ഗെയിംസ് സംഘടിപ്പിക്കുന്നത്.




അസ്സോസിയേഷൻ ഓഫ് രജിസ്ട്രേഡ് സോഷ്യൽ ക്ലബ് ഓഫ് കേരളയുടെ നേതൃത്വത്തിൽ പാലക്കാട് നടന്ന ഓൾ കേരള പ്രൈസ് മണി മെൻസ് ഡബിൾസ് ബാഡ്മിന്റൺ ടൂർണമെന്റിൽ ചാംപ്യൻമ്മാരായ ഐ.എം.എ കൊച്ചിൻ ടീം

# ബാഡ്മിന്റൺ ചാംപ്യൻഷിപ്പ്: ഐ എം എ കൊച്ചി ചാമ്പ്യൻമാർ

**കൊച്ചി:** അസ്സോസിയേഷൻ ഓഫ് രജിസ്ട്രേഡ് സോഷ്യൽ ക്ലബ് ഓഫ് കേരളയുടെ നേതൃത്വത്തിൽ പാലക്കാട് നടന്ന ഓൾ കേരള പ്രൈസ് മണി മെൻസ് ഡബിൾസ് ബാഡ്മിന്റൺ ടൂർണമെന്റിൽ രാജ്യാന്തര താരങ്ങൾ അണിനിരന്ന ഐ.എം.എ കൊച്ചി ചാമ്പ്യൻമാരായി.

പാലക്കാട് കോസ്മോപോളിറ്റൻ ക്ലബ്ബിൽ നടന്ന ഫൈനൽ മൽസരത്തിൽ തൃശൂർ ടെന്നീസ് ക്ലബ്ബിനെ പരാജയപ്പെടുത്തിയാണ് ഐ.എം.എ കൊച്ചി ചാമ്പ്യഷിപ്പ് കരസ്ഥമാക്കിയത്. രണ്ട് ദിവസങ്ങളിലായി നടന്ന ടൂർണമെന്റിൽ കേരളത്തിലെ മികച്ച 32 ഓളം ടീമുകൾ പങ്കെടുത്തു. മൂന്ന് വിഭാഗങ്ങളിലായി ടീം ചാംപ്യൻഷിപ്പായിട്ടാണ് ടൂർണമെന്റ് സംഘടിപ്പിച്ചത്. ജോർജ്ജ് തോമസ്, സന്ദീപ് നായർ, ലൂക്ക് വർഗ്ഗീസ്, പ്രമോദ് മേനോൻ, ജസീൽ പി. ഇസ്മയിൽ, ഡോ.സുനിൽ മത്തായി എന്നിവരാണ് ഐ.എം.എ കൊച്ചിക്കു വേണ്ടി കളത്തിലിറങ്ങിയത്. സമാപന സമ്മേളനം സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് കെ. പ്രേമകുമാർ എം.എം.എൽ.എ ഉദ്ഘാടനം ചെയ്തു.

ഒന്നാം സ്ഥാനം നേടിയ ഐ.എം.എ കൊച്ചിക്ക് 50000 രൂപയും ട്രോഫിയും രണ്ടാം സ്ഥാനം നേടിയ തൃശൂർ ടെന്നീസ് ക്ലബ്ബിന് 25,000 രൂപയും ട്രോഫിയും സമ്മാനിച്ചു. പങ്കജാക്ഷൻ (പ്രസിഡന്റ് പാലക്കാട് കോസ്മോപോളിറ്റൻ ക്ലബ്) , ജോസ്കുട്ടി സേവ്യർ (പ്രസിഡന്റ്,എ.ആർ.എസ്.സി.കെ), ജോൺ ഓഫ് മാത (കൺവീനർ, ടൂർണമെന്റ് കമ്മറ്റി), എ. കെ നാരായണൻ (പ്രസിഡന്റ് മാധവരാജ ക്ലബ് ) ഡോ.സഞ്ജീവ് കുമാർ (പ്രസിഡന്റ്, ടൗൺ സ്ക്വയർ ക്ലബ്), ആർ. ദിനേശ് കുമാർ (ജോ.കൺവീനർ,ടൂർണമെന്റ് കമ്മറ്റി), കെ. കെ ബാബു (സെക്രട്ടറി പാലക്കാട് കോസ്മോപോളിറ്റൻ ക്ലബ് ) എന്നിവർ സംസാരിച്ചു. കോസ്മോസ് പൊളിറ്റൻ ക്ലബ്ബിന്റെ നേതൃത്വത്തിൽ പാലക്കാട് മാധവരാജ ക്ലബ് , ടൗൺ സ്ക്വയർ ക്ലബ് എന്നിവരുടെ സഹകരണത്തോടെ ആണ് ചാംമ്പ്യൻഷിപ്പ് നടന്നത്.

# സാമൂഹ്യനീതി വകുപ്പ് ഭിന്നശേഷി ദിനാചാരണം ഉണർവ്വ് 2023 നടത്തി

**തൃശൂർ:** സാമൂഹ്യനീതി വകുപ്പിന്റെയും ജില്ലാ ഭരണകൂടത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ ഭിന്നശേഷി ദിനാചരണം ആചരിച്ചു. തൃശ്ശൂർ തോപ്പ് സ്റ്റേഡിയത്തിൽ ഭിന്നശേഷിക്കാരായ വ്യക്തികളുടെ വിവിധ തരത്തിലുള്ള കായിക മത്സരങ്ങൾ സംഘടിപ്പിച്ചായിരുന്നു ദിനാചരണാഘോഷം.

ജില്ലാ കളക്ടർ വി.ആർ.കൃഷ്ണ തേജ പതാക ഉയർത്തി ഭിന്നശേഷി ദിനാചരണ പരിപാടികൾക്ക് ആരംഭം കുറിച്ചു. തുടർന്ന് ഭിന്നശേഷിക്കാർക്ക് വേണ്ടി വിവിധ മത്സരങ്ങൾ നടത്തി. ഏകദേശം 30 ഓളം സ്ഥാപനങ്ങളിൽ നിന്നും 600 ലധികം ഭിന്നശേഷിക്കാർ പരിപാടിയിൽ പങ്കെടുത്തു.

സമാപന സമ്മേളനം തൃശൂർ തോപ്പ് ഇൻഡോർ സ്റ്റേഡിയത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി കെ ഡേവിസ് മാസ്റ്റർ ഉദ്ഘാടനം ചെയ്തു. തൃശൂർ കോർപ്പറേഷൻ ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സണൽ ലാലി ജെയിംസ് അധ്യക്ഷത വഹിച്ചു. വിവിധ വിഭാഗങ്ങളിലായി നടന്ന മത്സരങ്ങളിൽ ഒന്ന്, രണ്ട്, മൂന്നു സ്ഥാനം ലഭിച്ച ഭിന്നശേഷിക്കാർക്ക് ട്രോഫിയും സർട്ടിഫിക്കറ്റും, വിവിധ വിഭാഗങ്ങളിലായി ഏറ്റവും കൂടുതൽ പോയിന്റ് നേടിയ സ്ഥാപനങ്ങൾക്ക് റോളിംഗ് ട്രോഫിയും വിതരണം ചെയ്തു.



പ്രമുഖരായ വ്യക്തികളും ഭിന്നശേഷി സംഘടന പ്രതിനിധികളും യോഗത്തിൽ സംസാരിച്ചു. ജില്ലാ സാമൂഹ്യനീതി ഓഫീസർ പ്രദീപൻ.കെ.ആർ സ്വാഗതവും സാമൂഹ്യനീതി ഓഫീസ് ജൂനിയർ സൂപ്രണ്ട് സഞ്ജയൻ നന്ദിയും പറഞ്ഞു. മെയിന്റനൻസ് ട്രൈബ്യൂണൽ ടെക്നിക്കൽ അസിസ്റ്റന്റുമാർ, ഓർഫനേജ് കൗൺസിലർമാർ, വിമല കോളേജ്, പോപ്പ് പോൾ മേഴ്സി ഹോം എന്നിവിടങ്ങളിൽ നിന്നുള്ള വളണ്ടിയർമാരുടെയും, സാമൂഹ്യനീതി വകുപ്പ് ജീവനക്കാരുടെടേയും സാന്നിധ്യവും സഹകരണവും പരിപാടിയിൽ ഉണ്ടായിരുന്നു.

# ക്രോസ് ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** ട്രെയിലർ ആക്സിൽ, സസ്പെൻഷൻ അസംബ്ലി, ഇടത്തരം, ഹെവി വാണിജ്യ വാഹനങ്ങൾക്കുള്ള പാർട്സ്, ഫാം ഉപകരണങ്ങൾ എന്നിവയുടെ നിർമ്മാണത്തിലും വിതരണത്തിലും ശ്രദ്ധ കേന്ദ്രീകരിക്കുന്ന ക്രോസ് ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് കരടുരേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു. ഐപിഒയിലൂടെ 500 കോടി രൂപ സമാഹരിക്കാനാണ് കമ്പനി ലക്ഷ്യമിട്ടിരിക്കുന്നത്.

250 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും പ്രമോട്ടർമാരുടെ 250 കോടി രൂപയുടെ ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും. ഇക്വിറസ് ക്യാപിറ്റൽ പ്രൈവറ്റ് ലിമിറ്റഡാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർ.

# മാത്തമാറ്റിക്സ് ഗസ്റ്റ് അധ്യാപക ഒഴിവ്

**തൃശൂർ:** തൃത്താല സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജിൽ മാത്തമാറ്റിക്സ് വിഷയത്തിൽ ഗസ്റ്റ് അധ്യാപകരുടെ ഒഴിവുണ്ട്. യുജിസി യോഗ്യത ഉള്ളവരും കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ പേര് രജിസ്റ്റർ ചെയ്തവരും ഡിസംബർ ഏഴിന് വൈകിട്ട് 5 നകം thrithalacollege@gmail.com ലോ കോളേജ് ഓഫീസിലോ ലഭ്യമാക്കണം. ഫോൺ: 9567176945.



# പൊട്ടിച്ചൂട്ട് ചെർപ്പുളശ്ശേരിയിൽ

യവനിക ഗോപാലകൃഷ്ണൻ, സീമ ജി നായർ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കിമാധ്യമപ്രവർത്തകനായ പി മുരളി മോഹൻ തിരക്കഥയുമെഴുതി സംവിധാനം ചെയ്യുന്ന പൊട്ടിച്ചൂട്ട് എന്ന് ചിത്രത്തിന്റെ ചിത്രീകരണം പാലക്കാട് ചെർപ്പുളശ്ശേരിയിൽ ആരംഭിച്ചു.

പച്ചയായ മനുഷ്യ ബന്ധങ്ങളുടെ കഥ പറയുന്ന ഈ ചിത്രത്തിൽ സൂര്യ, അനിൽ ബേബി, രാജീവ് കാറൽമണ്ണ,സുധ നെടുങ്ങാടി,അനിൽ ബേബി,ഗിരീഷ് ആലമ്പാടൻ,അഗസ്തി ആനക്കാംപൊയിൽ, ഖാലിദ്,രാജേഷ് അടയ്ക്കാപത്തൂർ തുടങ്ങിയവരും അഭിനയിക്കുന്നു.അനുഗ്രഹ വിഷൻ നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം ദേവൻ മോഹൻ നിർവഹിക്കുന്നു.എക്സിക്യൂട്ടീവ് പ്രൊഡ്യൂസർഗിരീഷ് ആലമ്പാട്,സംഗീതം,

ബിജിഎംരാജേഷ് ബാബു കെ ശൂരനാട്,എഡിറ്റിംഗ്റിജീഷ് കോട്ടുവിളയിൽ, പ്രൊഡക്ഷൻ കൺട്രോളർഷജിത് തിക്കോടി,പ്രൊഡക്ഷൻ മാനേജർപി കൃഷ്ണ പിള്ള, കലരാജേഷ് അടക്കാപത്തൂർ,മേക്കപ്പ്ബിജി,വസ്ത്രാലങ്കാരംദേവൻ, ചീഫ് അസോസിയറ്റ് ഡയറക്ടർ മോഹൻ സി നീലമംഗലം,അസിസ്റ്റന്റ് ഡയറക്ടർസത്യൻ ചെർപ്പുളശ്ശേരി,പവിദാസ്, സ്റ്റുഡിയോആർ മീഡിയ സ്റ്റുഡിയോസ് കൊച്ചിൻ,സ്റ്റിൽസ് ഗോപി കുലുക്കല്ലൂർ പോസ്റ്റർ ഡിസൈനർ മനോജ് ഡിസൈൻ,പി ആർ ഒഎ എസ് ദിനേശ്.

# ഫൈറ്റ് ക്ലബ് ഫസ്റ്റ് ലുക്ക് പോസ്റ്റർ റിലീസായി




സംവിധായകൻ ലോകേഷ് കനകരാജ് തന്റെ പ്രൊഡക്ഷൻ ഹൗസ് ജി സ്ക്വാഡിന്റെ ആദ്യ ചിത്രത്തിന്റെ പ്രഖ്യാപനം നടത്തി. ഫൈറ്റ് ക്ലബ് എന്നാണ് ചിത്രത്തിന്റെ പേര്. അബ്ബാസ് എ റഹ്മത്ത് സംവിധാനം ചെയ്യുന്ന ചിത്രത്തിൽ ഉറിയടി വിജയ് കുമാറാണ് നായകൻ. ഗോവിന്ദ് വസന്തയാണ് സംഗീതം ഒരുക്കുന്നത്. ആദിത്യയാണ് ചിത്രത്തിന്റെ നിർമ്മാതാവ്. ചിത്രത്തിന്റെ ഫസ്റ്റ് ലുക്ക് പോസ്റ്റർ പുറത്തിറങ്ങി നിമിഷനേരങ്ങൾക്കുള്ളിൽ പ്രേക്ഷകർക്കിടയിൽ ശ്രദ്ധ നേടുകയാണ് ഫൈറ്റ് ക്ലബ് ഫസ്റ്റ് ലുക്ക് പോസ്റ്റർ.തന്റെ സുഹൃത്തുക്കളിൽ നിന്നും സഹായികളിൽ നിന്നുമുള്ള ക്രിയേറ്റീവ് ആശയങ്ങൾ പ്രചോദിപ്പിക്കാനും അവരുടെ ചിത്രങ്ങൾ ജി സ്ക്വാഡിലൂടെ പ്രേക്ഷകരിലെത്തിക്കാനും ലോകേഷ് കനകരാജ് തുടക്കം കുറിക്കുന്ന ആദ്യ ചിത്രമാണ് ഫൈറ്റ് ക്ലബ്. സിനിമാട്ടോഗ്രാഫർ : ലിയോൺ ബ്രിട്ടോ, എഡിറ്റർ കൃപകരൺ, കഥ: ശശി, തിരക്കഥ : വിജയ്കുമാർ , ശശി, അബ്ബാസ് എ റഹ്മത്, ആർട്ട് ഡയറക്ടർ : ഏഴുമലൈ ആദികേശവൻ, സ്റ്റണ്ട് : വിക്കി, അമ്രിൻ അബുബക്കർ, സൗണ്ട് ഡിസൈൻ /എഡിറ്റർ : രംഗനാഥ് രവി, സൗണ്ട് മിക്സിങ് : കണ്ണൻ ഗണപത്, കൊറിയോഗ്രാഫി : സാൻഡി, എക്സികുട്ടീവ് പ്രൊഡ്യൂസർ : ആർ ബാലകുമാർ, ക്രിയേറ്റിവ് പ്രൊഡ്യൂസർ : വിജയ് കുമാർ. 2023 ഡിസംബറിൽ ചിത്രം തിയേറ്ററുകളിലേക്കെത്തും. പി ആർ ഓ : പ്രതീഷ് ശേഖർ.




# എൽ.ജഗദമ്മ ഏഴാംക്ളാസ്സ് ബിസ്റ്റേറ്റ്

എവർസ്റ്റാർ ഇന്ത്യൻസിന്റെ ബാനറിൽ പ്രശസ്ത ചലച്ചിത്ര താരം ഉർവശി, ഫോസിൽ ഹോൾഡിംഗ്സ് എന്നിവർ ചേർന്ന് നിർമ്മിക്കുന്ന

എൽ ജഗദമ്മ എഴാംക്ലാസ് ബി സ്റ്റേറ്റ് ഫസ്റ്റ്എന്ന ചിത്രത്തിന്റെ ടൈറ്റിൽ പോസ്റ്റർ റിലീസായി.

പുതുമുഖങ്ങൾക്ക് ഏറേ പ്രാധാന്യം നല്കി ഉർവ്വശിയുടെ ഭർത്താവായ ശിവാസ് (ശിവപ്രസാദ്) കഥ തിരക്കഥ സംഭാഷണമെഴുതി സംവിധാനം ചെയ്യുന്ന ഈ ചിത്രത്തിൽ ടൈറ്റിൽ കഥാപാത്രമായ ജഗദമ്മയെ അവതരിപ്പിക്കുന്ന ഉർവശിയോടൊപ്പം ഹൃദയം എന്ന ചിത്രത്തിലൂടെ സുപരിചിതനായ കലേഷ് രാമാനൻഥ്, ബാലചന്ദ്രൻ ചുള്ളിക്കാട്,കോട്ടയം രമേഷ് എന്നിവരും വേഷമിടുന്നു.അനിൽ നായർ ഛായാഗ്രഹണം നിർവഹിക്കുന്നു.

അൻവർ അലി എഴുതിയ വരികൾക്ക് കൈലാസ് മേനോൻ സംഗീതം പകരുന്നു.എഡിറ്റിംഗ്ഷൈജൽ പ്രൊഡക്ഷൻ കൺട്രോളർഷാഫി ചെമ്മാട്,ചീഫ് അസോസ്സിയേറ്റ് ഡയരക്ട്ടർറെജിവാൻ അബ്ദുൽ ബഷീർ കലാസംവിധാനം രാജേഷ് മേനോൻ,കോസ്റ്റ്യൂംസ്കുമാർ എടപ്പാൾ,മേക്കപ്പ് ഹസ്സൻ വണ്ടൂർ,പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് ശ്രീക്കുട്ടൻ ധനേശൻ , സ്റ്റിൽസ്നന്ദു ഗോപാലകൃഷ്ണൻ, പോസ്റ്റർ ഡിസൈനിംഗ്ജയറാം രാമചന്ദ്രൻ, പി ആർ ഒഎ എസ് ദിനേശ്.



# ഗുരുവായൂർ അമ്പലനടയിൽ മൂന്നാം ഷെഡ്യൂൾ പൂർത്തിയായി

ജയ ജയ ജയ ജയഹേ എന്ന സൂപ്പർ ഹിറ്റ് ചിത്രത്തിനു ശേഷംപൃഥ്വിരാജ് സുകുമാരൻ, ബേസിൽ ജോസഫ് എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി

വിപിൻദാസ് സംവിധാനം ചെയ്യുന്ന ഗുരുവായൂർ അമ്പലനടയിൽ എന്ന പുതിയ ചിത്രത്തിന്റെമൂന്നാംഘട്ട ചിത്രീകരണം പൂർത്തിയായി.

പൃഥ്വിരാജ് പ്രൊഡക്ഷൻസിന്റെ ബാനറിൽ സുപ്രിയ മേനോൻ, ഇഫോർ എന്റർടൈൻമെന്റ് ബാനറിൽ മുകേഷ് ആർ മേത്ത, സി വി സാരഥി എന്നിവർ ചേർന്ന് നിർമ്മിക്കുന്ന ഈ ചിത്രത്തിൽനിഖില വിമൽ, അനശ്വര രാജൻ, യോഗി ബാബു, ജഗദീഷ്, രേഖ, ഇർഷാദ്,സിജു സണ്ണി, സഫ്‌വാൻ, കുഞ്ഞികൃഷ്ണൻ മാസ്റ്റർ, മനോജ് കെ യു തുടങ്ങിയ പ്രമുഖരും അഭിനയിക്കുന്നു.ഛായാഗ്രഹണം നീരജ് രവി നിർവഹിക്കുന്നു.

കുഞ്ഞിരാമായണത്തീനു ശേഷം ദീപു പ്രദീപ് രചന നിർവഹിക്കുന്ന ചിത്രമാണ് ഗുരുവായൂർ അമ്പലനടയിൽ.

ലൈൻ പ്രൊഡ്യൂസർഹാരിസ് ദേശം,എഡിറ്റർ ജോൺ കുട്ടി,സംഗീതം അങ്കിത് മേനോൻ,പ്രൊഡക്ഷൻ കൺട്രോളർറിനി ദിവാകർ, ആർട്ട് ഡയറക്ടർ സുനിൽ കുമാർ, കോസ്റ്റ്യൂം ഡിസൈനർ അശ്വതി ജയകുമാർ,മേക്കപ്പ്സുധി സുരേന്ദ്രൻ, സൗണ്ട് ഡിസൈനർ അരുൺ എസ് മണി, ചീഫ് അസോസിയേറ്റ് ഡയറക്ടർശ്രീലാൽ, സെക്കന്റ് യൂണിറ്റ് ക്യാമറഅരവിന്ദ് പുതുശ്ശേരി, ഫിനാൻസ് കൺട്രോളർകിരൺ നെട്ടയിൽ, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് അനീഷ് നന്ദിപുലം, വിനോഷ് കൈമൾ, സ്റ്റിൽ ജസ്റ്റിൻ, പി ആർ ഒഎ എസ് ദിനേശ്.

# തങ്കമണി ടീസർ റിലീസ് ചെയ്തു




സൂപ്പർ ഗുഡ് ഫിലിംസിന്റെ ബാനറിൽ ആർ ബി ചൗധരി, ഇഫാർ മീഡിയയുടെ ബാനറിൽ റാഫി മതിര എന്നിവർ ചേർന്ന് നിർമ്മിച്ച് രതീഷ് രഘുനന്ദൻ സംവിധാനം ചെയ്യുന്ന ജനപ്രിയനായകൻ ദിലീപിന്റെ നൂറ്റിനാൽപ്പത്തിയെട്ടാമത്തെ ചിത്രമായ തങ്കമണി യുടെ ഒഫീഷ്യൽ ടീസർ സൈന യൂ ട്യൂബ് ചാനലിലൂടെ റിലീസായി.നീത പിള്ള, പ്രണിത സുഭാഷ് എന്നിവരാണ് നായികമാർ.അജ്മൽ അമീർ, സുദേവ് നായർ,സിദ്ദിഖ്, മനോജ് കെ ജയൻ, കോട്ടയം രമേഷ്, മേജർ രവി,സന്തോഷ് കീഴാറ്റൂർ,അസീസ് നെടുമങ്ങാട്,തൊമ്മൻ മാങ്കുവ,ജിബിൻ ജി, അരുൺ ശങ്കരൻ, മാളവിക മേനോൻ, രമ്യ പണിക്കർ, മുക്ത, ശിവകാമി, അംബിക മോഹൻ,സ്മിനു,എന്നിവരും, കൂടാതെ തമിഴ് താരങ്ങളായ ജോൺ വിജയ്, സമ്പത്ത് റാം എന്നിവർക്ക് പുറമേ അൻപതിലധികം ക്യാരക്ടർ ആർട്ടിസ്റ്റുകളും ചിത്രത്തിൽ അഭിനയിക്കുന്നു. ഛായാഗ്രഹണം മനോജ് പിള്ള,എഡിറ്റർശ്യാം ശശിധരൻ,ഗാനരചനബി ടി അനിൽ കുമാർ,സംഗീതംവില്യം ഫ്രാൻസിസ്,എക്സിക്യൂട്ടീവ് പ്രൊഡ്യൂസർസുജിത് ജെ നായർ,പ്രൊജക്ട് ഡിസൈനർ സജിത് കൃഷ്ണ,പ്രൊഡക്ഷൻ കൺട്രോളർമോഹൻ അമൃത,സൗണ്ട് ഡിസൈനർ ഗണേഷ് മാരാർ,മിക്സിംഗ് ശ്രീജേഷ് നായർ,കലാസംവിധാനംമനു ജഗത്,മേക്കപ്പ്റോഷൻ,കോസ്റ്റ്യൂം ഡിസൈനർ അരുൺ മനോഹർ,സ്റ്റണ്ട്രാജശേഖർ,സ്റ്റൺ ശിവ,സുപ്രീം സുന്ദർ,മാഫിയ ശശി,പ്രോജക്ട് ഹെഡ് സുമിത്ത് ബിപി,ചീഫ് അസോസിയേറ്റ് ഡയറക്ടർമനേഷ് ബാലകൃഷ്ണൻ,വിഎഫ്എക്സ്എഗ്ഗ് വൈറ്റ്,സ്റ്റിൽസ്ശാലു പേയാട്,ഡിസൈൻഅഡ്സോഫ്ആഡ്സ്,വിതരണംഡ്രീം ബിഗ് ഫിലിംസ്,പി ആർ ഒ എ എസ് ദിനേശ്.

## വാക് ഇൻ ഇന്റർവ്യൂ

**ഇടുക്കി:** ആരോഗ്യവകുപ്പിന്റെ ജില്ലാ മാനസികാരോഗ്യ പരിപാടിയിലേക്ക് ക്ലിനക്കൽ സൈക്കോളജിസ്റ്റ്, സൈക്യാട്രിസ്റ്റ്, മെഡിക്കൽ ഓഫീസർ തസ്തികകളിലേക്ക് കരാർ നിയമനം നടത്തുന്നു. ഡിസംബർ 19ന് രാവിലെ 10 മണി മുതൽ ജില്ലാ മെഡിക്കൽ ഓഫീസിൽ വാക് ഇൻ ഇന്റർവ്യൂ നടക്കും.

ക്ലിനക്കൽ സൈക്കോളജിസ്റ്റ് യോഗ്യത: ക്ലിനിക്കൽ സൈക്കോളജിയിൽ എം ഫിൽ, ആർസിഐ രജിസ്ട്രേഷൻ, രണ്ടുവർഷം പ്രവർത്തി പരിചയം.

സൈക്യാട്രിസ്റ്റ് യോഗ്യത: എംബിബിഎസ്, എംഡി അല്ലെങ്കിൽ ഡിപിഎം അല്ലെങ്കിൽ ഡിഎൻപി, സൈക്യാട്രി, ഒരു വർഷം പ്രവർത്തിപരിചയം.

മെഡിക്കൽ ഓഫീസർ യോഗ്യത: എംബിബിഎസ്, ഒരു വർഷം പ്രവർത്തിപരിചയം അഭികാമ്യം. 40 വയസ്സ് പ്രായപരിധി.

യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ അസ്സൽ സർട്ടിഫിക്കറ്റും സാക്ഷ്യപ്പെടുത്തിയ പകർപ്പ് , ആധാർ അല്ലെങ്കിൽ വോട്ടർ ഐഡി എന്നിവയുടെ അസ്സൽ ഇന്റർവ്യൂ സമയത്ത് ഹാജരാക്കണം കൂടുതൽ വിവരങ്ങൾക്ക് 04862 233030, 04862 226929.

## ഡിജിറ്റൽ ഹെൽത്ത്: 7.85 കോടി: മന്ത്രി വീണാ ജോർജ്

**തിരുവനന്തപുരം:** ആരോഗ്യ മേഖലയിൽ ഡിജിറ്റൽ സാങ്കേതികവിദ്യ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആരോഗ്യ സ്ഥാപനങ്ങളെ ആധുനികവത്ക്കരിക്കാൻ 7.85 കോടി രൂപയുടെ ഭരണാനുമതി നൽകിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. അതിൽ സാമൂഹികാരോഗ്യ കേന്ദ്രം മുതലുള്ള ആശുപത്രികളിൽ ആധാർ അധിഷ്ഠിത പഞ്ചിംഗ് സിസ്റ്റം സ്ഥാപിക്കുന്നതിനായി 5.16 രൂപയാണ് അനുവദിച്ചത്. ജില്ലാ മെഡിക്കൽ ഓഫീസുകൾ, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, താലൂക്ക് ആശുപത്രികൾ, ജില്ലാ, ജനറൽ ആശുപത്രികൾ എന്നിവിടങ്ങളിലാണ് പഞ്ചിംഗ് നടപ്പിലാക്കുന്നത്. നിലവിൽ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് ഉൾപ്പെടെയുള്ള 10 ആരോഗ്യ സ്ഥാപനങ്ങളിൽ പഞ്ചിംഗ് നടപ്പിലാക്കിയിട്ടുണ്ട്. ഘട്ടം ഘട്ടമായി സംസ്ഥാനത്തെ എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും പഞ്ചിംഗ് നടപ്പിലാക്കുമെന്നും മന്ത്രി വ്യക്തമാക്കി.

ആരോഗ്യ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ വിവരങ്ങൾ കേന്ദ്രീകൃതമായി നിരീക്ഷിക്കുന്നതിനായി സെൻട്രൽ ഡേറ്റ റിപ്പോസിറ്ററി ആപ്ലിക്കേഷൻ സജ്ജമാക്കാനായി 14.50 ലക്ഷം രൂപ അനുവദിച്ചു.

ഡിജിറ്റൽ ഹെൽത്ത് സാക്ഷാത്ക്കരിക്കുന്നതിന് വലിയ പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലും 14 ജില്ലാ മെഡിക്കൽ ഓഫീസുകളിലും ഇ ഓഫീസ് സംവിധാനം നടപ്പിലാക്കി. സ്റ്റേറ്റ് ടിബി സെന്റർ തുടങ്ങിയ 20 ഓളം ആരോഗ്യ സ്ഥാപനങ്ങളിൽ ഇ ഓഫീസ് അന്തിമ ഘട്ടത്തിലാണ്. 599 ആരോഗ്യ സ്ഥാപനങ്ങളിൽ ഇ ഹെൽത്ത് നടപ്പിലാക്കി. 392 ആശുപത്രികളിലും ഇ ഹെൽത്ത് നടപ്പിലാക്കിയത് ഈ സർക്കാരിന്റെ കാലത്താണ്. ഓൺലൈൻ ഒപി ടിക്കറ്റും പേപ്പർ രഹിത ആശുപത്രി സേവനങ്ങളും യാഥാർത്ഥ്യമാക്കി. ജീവിതശൈലീ രോഗനിർണയത്തിന് ശൈലീ ആപ്പ് ആവിഷ്ക്കരിച്ചു. ആർദ്രം ജനകീയ കാമ്പയിനിലൂടെ ഒന്നര കോടിയിലധികം പേരെ ആരോഗ്യ പ്രവർത്തകർ വീട്ടിലെത്തി സ്ക്രീനിംഗ് നടത്തി.

കാൻസർ രോഗനിർണയത്തിനും കാൻസർ ചികിത്സ ഏകോപിപ്പിക്കുന്നതിനും കാൻസർ ഗ്രിഡ്, കാൻസർ കെയർ സ്യൂട്ട് നടപ്പിലാക്കി. വിപുലമായ ഇ സഞ്ജീവനി സേവനങ്ങൾ ലഭ്യമാക്കി. ലാബ് റിസൾട്ട് എസ്.എം.എസ്. ആയി ലഭിക്കുന്ന സംവിധാനം ലഭ്യമാക്കി വരുന്നു. ഹൃദ്യം, ആശാധാര പദ്ധതികളുടെ സേവനം ഓൺലൈൻ വഴിയാക്കി. ആശാധാര പദ്ധതിയുടെ ഡിജിറ്റൽ പ്ലാറ്റ്ഫോമിന് അടുത്തിടെ ദേശീയ ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ അവാർഡ് ലഭിച്ചിരുന്നു.

## ദർഘാസ് ക്ഷണിച്ചു

**കൊച്ചി:** കേരളാ വനം വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള നിലവിൽ യോഗ്യരായ 'എ. ബി. സി.' ക്ലാസ്സ് കരാറുകാരിൽ നിന്നും, 202324 വർഷത്തിൽ എറണാകുളം സോഷ്യൽ ഫോറസ്ട്രി റെയ്ഞ്ചിലെ പള്ളിപ്പുറം ഗവ. ആയുർവേദ ഹോസ്പിറ്റൽ കോമ്പൗണ്ടിൽ ബട്ടർഫ്ളൈ പാർക്ക് നിർമ്മിക്കുന്ന ജോലി ചെയ്യുന്നതിന് ദർഘാസ് ക്ഷണിച്ചു.

ദർഘാസ് സ്വീകരിക്കുന്ന അവസാന തീയതി ഡിസംബർ 11. കുടുതൽ വിവരങ്ങൾക്ക് സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ, മണിമല റോഡ്, ഇടപ്പള്ളി, എറണാകുളം, ഫോൺ 04842344761.




# ഫിസാറ്റ് വോളി ബോൾ ടീം യൂണിവേഴ്സിറ്റി ചാമ്പ്യന്മാർ

**കൊച്ചി:** സംസ്ഥാന തല കെ ടി യൂ വോളി ബോൾ ടൂർണ്ണമെന്റിൽ അങ്കമാലി ഫിസാറ്റ് എഞ്ചിനീറിങ് കോളേജ് യൂണിവേഴ്സിറ്റി ചാമ്പ്യൻമാരായി. തിരുവനന്തപുരം മാർ ബെസേലിയസ് ഗ്രൗണ്ടിൽ എ പി ജെ അബുൽ കലാം സാങ്കേതിക സർവകലാശാല നടത്തിയ ഓൾ കേരള ഇന്റർസോൺ മത്സരത്തിൽ മുത്തൂറ്റ് ഇൻസ്റ്റിട്യൂട്ട് ഓഫ് ടെക്നോളോജിയെ പരാജയപ്പെടുത്തിയാണ് അങ്കമാലി ഫിസാറ്റ് എൻജിനിയറിങ് കോളേജ് ചാംപ്യൻമാരായത്.

തിരുവനന്തപുരം സാങ്കേതിക സർവകലാശാല ഫിസിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ ഡോ പി എ രമേഷ് കുമാറിൽ നിന്ന് ഫിസാറ്റ് വോളി വോൾ ടീം ക്യാപ്റ്റൻ കെ അക്ഷയ് യൂണിവേഴ്സിറ്റി കപ്പ് ഏറ്റുവാങ്ങി. തുടർച്ചയായ മൂന്ന് സെറ്റുകൾ തുത്തുവാരിയാണ് ഫിസാറ്റ് ടീം വിജയം സ്വന്തമാക്കിയത്. കൂടാതെ വോളി ബോൾ ടീമിൽ നിന്ന് മികച്ച കളിക്കാരായ അമൽ കൃഷ്ണ, അക്ഷയ് കെ, നിതിൻ ദാസ്, സെബിൻ ബിനു, അഭിജിത് ഉദയൻ എന്നിവരെ യൂണിവേഴ്സിറ്റി ടീമിലേക്കും തിരഞ്ഞെടുത്തു.

ക്വാർട്ടർ ഫൈനലിൽ തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനിയറിങ്ങിനെയും, സെമി ഫൈനലിൽ വയനാട് ഗവണ്മെന്റ് എഞ്ചിനീറിംഗ് കോളേജിനെയും തോൽപിച്ചാണ് ഫിസാറ്റ് ഫൈനലിൽ എത്തിയത്.

## പഠനത്തോടൊപ്പം ഇതര മേഖലകളിലും വിദ്യാർത്ഥികൾ പ്രാവീണ്യം തെളിയിക്കണം പ്രൊഫ.എം.പി. പൂനിയ

**വെള്ളാങ്ങല്ലൂർ:** വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും വിദ്യാഭ്യാസ, വിദ്യാഭ്യാസേതര മേഖലകളിൽ വിജയം വരിച്ച വിശിഷ്ട വ്യക്തികളുമായി സംവദിക്കാൻ ലക്ഷ്യമിട്ട് യൂണിവേഴ്സൽ എഡ്യുക്കേഷണൽ ട്രസ്റ്റ് തൃശ്ശൂർ വള്ളിവട്ടം യൂണിവേഴ്സൽ എഞ്ചിനീയറിംഗ് കോളേജ് സംഘടിപ്പിച്ചു വരുന്ന ലൂമിനറി ടോക്ക് പരമ്പരയിൽ നടന്ന പ്രഭാഷണ പരിപാടിയിൽ എഐ സിടിഇ മുൻ വൈസ് ചെയർമാൻ പ്രൊഫ. എം.പി. പൂനിയ, ഗ്രാഫിക് ഇറ ഡീംഡ് യൂണിവേഴ്സിറ്റി, ഡെറാഡൂൺ മുൻ പ്രൊ. ചാൻസലർ ഡോ. രാകേഷ് ശർമ്മ എന്നിവർ പങ്കെടുത്തു. യൂണിവേഴ്സൽ എഡ്യുക്കേഷണൽ ട്രസ്റ്റ് ചെയർമാൻ വി കെ ഷംസുദ്ധീൻ ഓൺലൈനായും പ്രൊഫ. എം.പി. പൂനിയ നേരിട്ട് പങ്കെടുത്തും ഉദ്ഘാടനം ചെയ്തു.



**വള്ളിവട്ടം യൂണിവേഴ്സൽ എഞ്ചിനീയറിങ്ങ് കോളേജ് ലൂമിനറി ടോക്ക് പരമ്പര മുൻ എ.ഐ.സി.ടി.ഇ വൈസ് ചെയർമാൻ എം.പി. പൂനിയ ഉദ്ഘാടനം ചെയ്യുന്നു**

പഠനത്തോടൊപ്പം ഇതര മേഖലകളിലും പ്രാവീണ്യം തെളിയിക്കണമെന്നും മാനുഷിക മൂല്യങ്ങൾക്കും പ്രാധാന്യം നൽകണമെന്നും ലൂമിനറി ടോക്ക് പരമ്പര ഉദ്ഘാടനം ചെയ്തു കൊണ്ട് പ്രൊഫ. എം. പി. പൂനിയ വിദ്യാർത്ഥികളെ ഉദ്ബോധിപ്പിച്ചു.

അദ്ധ്യാപനത്തോടൊപ്പം ഗവേഷണ മേഘലകളിൽ ശ്രദ്ധ പതിപ്പിക്കണമെന്ന് ഡോ രാകേഷ് ശർമ അധ്യാപകരോട് ആവശ്യപ്പെട്ടു. വിദ്യാർത്ഥികൾക്ക് മൂല്യാധിഷ്ഠിത വിദ്യാഭ്യാസം പകർന്നു നൽകുന്നതിൽ അധ്യാപകരുടെ പങ്ക് വലുതാണെന്നും അദ്ദേഹം പറഞ്ഞു. പ്രൻസിപ്പാൾ ഡോ. ജോസ് കെ. ജേക്കബ് അദ്ധ്യക്ഷത വഹിച്ചു കോളേജ് ഡീൻ ഡോ. ജോബിൻ എം വി ആമുഖപ്രഭാഷണം നടത്തി.



# കേന്ദ്ര പദ്ധതികൾ മനസിലാക്കാം, ആനുകൂല്യങ്ങൾ നേടാം

## കോഴിക്കോട് വികസിത് ഭാരത് സങ്കൽപ് യാത്ര ഒരാഴ്ച പിന്നിടുന്നു

**കോഴിക്കോട്:** കേന്ദ്ര വികസന ക്ഷേമ പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ എല്ലാവരിലേക്കും എത്തിക്കുക എന്ന ദൗത്യവുമായി ആരംഭിച്ച വികസിത് ഭാരത് സങ്കൽപ് യാത്ര ജില്ലയിൽ ഒരാഴ്ച പിന്നിടുന്നു. കേന്ദ്ര പദ്ധതികളെക്കുറിച്ച് മനസിലാക്കുക മാത്രമല്ല, അർഹരായ ഗുണഭോക്താക്കൾക്ക് പദ്ധതികളുടെ ആനുകൂല്യങ്ങൾ നേടാനുള്ള സൗകര്യവും യാത്ര ഒരുക്കുന്നുണ്ട്. ഇതിനായി ബാങ്ക്, നബാർഡ്, ഇന്ത്യൻ ഓയിൽ കോർപറേഷൻ, കൃഷി വിഗ്യാൻ കേന്ദ്ര, ഇന്ത്യ പോസ്റ്റ് തുടങ്ങിയ വിവധ വകുപ്പുകളിൽ നിന്നുള്ള ഉദ്യോഗസ്ഥരും എല്ലാ പഞ്ചായത്തുകളിലും എത്തുന്നുണ്ട്. വിവിധ സാമൂഹ്യ സുരക്ഷാ പദ്ധതികൾ അടക്കം ജനക്ഷേമ പദ്ധതികളിൽ യാത്രയുടെ ഭാഗമായി പൊതുജനങ്ങൾ ചേരുന്നുണ്ടെന്നും തുടർന്നും ഇത്തരം സേവനങ്ങൾ വികസിത് ഭാരത് സങ്കൽപ് യാത്ര എത്തിച്ചേരുന്ന പഞ്ചായത്തുകളിൽ ഒരുക്കുന്നുണ്ടെന്നും ജില്ലാ ലീഡ് ബാങ്ക് മാനേജർ ടി. എം. മുരളീധരൻ അറിയിച്ചു.

ജില്ലാ ലീഡ് ബാങ്കിൻറെ നേതൃത്വത്തിൽ വിവിധ സർക്കാർ വകുപ്പുകളുടെ സഹകരണത്തോടെയാണ് എല്ലാ ഗ്രാമ പഞ്ചായത്തുകളിലും വികസിത് ഭാരത് സങ്കൽപ് യാത്ര പ്രയാണം നടത്തുന്നത്. വിവിധ കേന്ദ്ര പദ്ധതികളെക്കുറിച്ച് വിദഗ്ധർ വിശദീകരിക്കും. യാത്രയുടെ ഭാഗമായി ഒരുക്കിയ പ്രത്യേക വാനിൽ പദ്ധതികളെക്കുറിച്ചുള്ള വീഡിയോ പ്രദർശനവും ഉണ്ടായിരിക്കും. പദ്ധതികളുടെ വിവരങ്ങൾ അടങ്ങിയ ലഘുലേഖകൾ വിതരണം ചെയ്യുകയും ചെയ്യുന്നുണ്ട്. പദ്ധതികളെക്കുറിച്ചുള്ള പരാതികളും സംശയങ്ങളും പരിഹരിക്കാൻ ഉദ്യോഗസ്ഥരുമുണ്ട്. കാർഷികമേഖലയിൽ സാങ്കേതിക വിദ്യകൾ പ്രയോഗിക്കുന്നതിൻറെ ഭാഗമായി വളപ്രയോഗത്തിനായി ഡ്രോൺ സാങ്കേതികവിദ്യ പരിചയപ്പെടുത്തുന്നുമുണ്ട്. അതാത് പഞ്ചായത്തിലെ മികച്ച കർഷകരെ ആദരിക്കൽ ചടങ്ങും സംഘടിപ്പിക്കുന്നു. കൂടാതെ വിവിധ പദ്ധതികളിലെ ഗുണഭോക്താക്കൾ തങ്ങളുടെ അനുഭവങ്ങൾ പങ്കുവക്കുന്നതും പദ്ധതികളെക്കുറിച്ച് കൂടുതൽ മനസിലാക്കാൻ സഹായിക്കുന്നു.

നവംബർ 28ന് കടലുണ്ടി ഗ്രാമ പഞ്ചായത്തിൽ ആണ് വികസിത് ഭാരത് സങ്കൽപ് യാത്രയുടെ ജില്ലയിലെ പ്രയാണം ആരംഭിച്ചത്. നവംബർ 15ന് അട്ടപ്പാടിയിൽ ഗവർണ്ണർ ആരിഫ് മുഹമ്മദ്ഖാൻ ആണ് സംസ്ഥന തല യാത്രയുടെ ഫ്ളാഗ് ഓഫ് നിർവ്വഹിച്ചത്. ഒളവണ്ണ, പെരുമണ്ണ, പെരുവയൽ, കൂട്ടാലിട, കൂരാച്ചുണ്ട്, കാരശ്ശേരി, ചാത്തമംഗലം, കുന്ദമംഗലം, കുരുവട്ടൂർ തുടങ്ങിയ പഞ്ചായത്തുകളിൽ ഇതിനകം യാത്രയുടെ പര്യടനം പൂർത്തിയായി. ജനുവരി 10 വരെ യാണ് ജില്ലയിലെ 70 പഞ്ചായത്തുകളിൽ വികസിത് ഭാരത് സങ്കൽപ് യാത്രയുടെ പര്യടനം നടക്കുന്നത്. വരും ദിവസങ്ങളിൽ കൂടുതൽ ആളുകൾ യാത്രയുടെ പ്രയോജനം നേടിയെടുക്കും എന്നാണ് സംഘാടകർ പ്രതീക്ഷിക്കുന്നത്. സാമൂഹ്യ സുരക്ഷാ പദ്ധതികൾ, സുകന്യ സമൃതി യോജന, ഉജ്ജ്വല യോജന തുടങ്ങിയ പദ്ധതികളിലാണ് ഇതുവരെ കൂടുതൽ എൻ റോൾമെൻറുകൾ നടന്നത്.



# വികസിത് ഭാരത് സങ്കൽപ്പ് യാത്രയുടെ ഭാഗമായി കേന്ദ്രാവിഷ്കൃത കാർഷിക പദ്ധതികളുടെ പ്രചരണാർത്ഥം നടന്നു

**മലപ്പുറം:** കേന്ദ്രാവിഷ്കൃത കാർഷിക പദ്ധതികളുടെ പ്രചരണാർത്ഥം നടക്കുന്ന, വികസിത് ഭാരത് സങ്കൽപ്പ് യാത്രയുടെ ഭാഗമായി ഡ്രോൺ ഉപയോഗിച്ച് തുവ്വൂരിൽ കാർഷികവിളകളിൽ വളംകീടനാശിനി പ്രയോഗം നടത്തുന്നതിന്റെ പ്രദർശന പരീക്ഷണപ്പറക്കൽ നടത്തി. വിലങ്ങും പൊയിലിലെ അക്കരമ്മൽ മുഹമ്മദിന്റെ കൃഷിയിടത്തിലാണ് പ്രദർശനം നടന്നത്. തുടർന്ന് തുവ്വൂർ ടൗണിൽ പദ്ധതികളുമായി ബന്ധപ്പെട്ട ബോധവൽക്കരണവും നടന്നു.

കാർഷിക രംഗത്തെ നൂതന സാങ്കേതിക വിദ്യകൾ കർഷകർക്ക് പരിചയപ്പെടുത്തുന്ന പരിപാടി പുതു അനുഭവമായി കർഷകർ ഏറ്റെടുത്തു.

തുവ്വൂർ ഗ്രാമപഞ്ചായത്ത് അംഗം വി.പി.മിനി ഡ്രോൺ റിമോട്ട് പ്രവർത്തിപ്പിച്ചുകൊണ്ട് ഉദ്ഘാടനം നിർവ്വഹിച്ചു. കൃഷി ഓഫീസർ എം.ഷെഫീഖ്, കാർഷിക വികസന സമിതി അംഗം മുഹമ്മദ് കുഞ്ഞാൻ, തവനൂർ കൃഷി വിജ്ഞാൻ കേന്ദ്ര പ്രതിനിധി അക്ഷയ്, ഫാക്റ്റ് പ്രതിനിധി ഫസീല, കാളികാവ് ബ്ലോക്ക് അസി. ടെക്നിക്കൽ മാനേജർ സാജിത എന്നിവർ പ്രസംഗിച്ചു. വിവിധ കർഷക കൂട്ടായ്മ പ്രതിനിധികൾ, കർഷകോൽപ്പാദന സംഘടനാകമ്പനി പ്രതിനിധികൾ, എന്നിവർ പങ്കെടുത്തു.

തുടർന്ന് തുവ്വൂർ ടൗണിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ സംബന്ധിച്ച് പൊതുജനത്തിനും, കർഷകർക്കും ബോധവൽക്കരണം നൽകി. വികസിത് സങ്കൽപ്പ യാത്രയുടെ പ്രാധാന്യവും ഇതിൽ ചർച്ച ചെയ്യപ്പെട്ടു. ഡേ നോഡൽ ഓഫീസർ പി. അദീപ്, മലബാർ മെരിസ്റ്റിക്ക ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനി സി.ഇ.ഒ റോസിയ, കൃഷി ഓഫീസർ എം. ഷഫീഖ്, ഫസീസ, ശശിധരൻ, പി.അനിൽ പ്രസാദ്, കെ.വി.മുസ്തഫ തുടങ്ങിയവർ പ്രസംഗിച്ചു പൂക്കോട്ടുംപാടം പഞ്ചായത്തിൽ മലബാർ മെരിസ്റ്റിക്ക ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനി സി.ഇ.ഒ റോസിയ ഉദ്ഘാടനം ചെയ്തു. എഫ് എൽ സി ക്രോംപ്ടൺ, നോവൽ ഓഫീസർ അദീപ്, ഫസീല, കെ. കെ. അക്ഷയ് , അസി പോസ്റ്റ മാസ്റ്റർ ശശീധരൻ , കേന്ദ്രാവിഷ്കൃത പദ്ധതി ഗുണഭോക്താക്കൾ സംസാരിച്ചു

# വികസിത് ഭാരത് സങ്കൽപ് യാത്ര വയനാട്ടിൽ ഒരാഴ്ച പിന്നിടുന്നു

**കൽപ്പറ്റ:** കേന്ദ്ര വികസനക്ഷേമ പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ എല്ലാവരിലേക്കും എത്തിക്കുക എന്ന ദൗത്യവുമായി ആരംഭിച്ച വികസിത് ഭാരത് സങ്കൽപ് യാത്ര ജില്ലയിൽ ഒരാഴ്ച പിന്നിടുന്നു. കേന്ദ്ര പദ്ധതികളെക്കുറിച്ച് മനസിലാക്കുക മാത്രമല്ല, അർഹരായ ഗുണഭോക്താക്കൾക്ക് പദ്ധതികളുടെ ആനുകൂല്യങ്ങൾ നേടാനുള്ള സൗകര്യവും യാത്ര ഒരുക്കുന്നുണ്ട്. ഇതിനായി ബാങ്ക്, നബാർഡ്, ഇൻന്ത്യൻ ഓയിൽ കോർപറേഷൻ, കൃഷി വിഗ്യാൻ കേന്ദ്ര, ഇന്ത്യ പോസ്റ്റ് തുടങ്ങിയ വിവധ വകുപ്പുകളിൽ നിന്നുള്ള ഉദ്യോഗസ്ഥരും എല്ലാ പഞ്ചായത്തുകളിലും എത്തുന്നുണ്ട്.

ജില്ലാ ലീഡ് ബാങ്കിൻറെ നേതൃത്വത്തിൽ വിവിധ സർക്കാർ വകുപ്പുകളുടെ സഹകരണത്തോടെയാണ് എല്ലാ ഗ്രാമ പഞ്ചായത്തുകളിലും വികസിത് ഭാരത് സങ്കൽപ് യാത്ര പ്രയാണം നടത്തുന്നത്. വിവിധ കേന്ദ്ര പദ്ധതികളെക്കുറിച്ച് വിദഗ്ധർ വിശദീകരിക്കും. യാത്രയുടെ ഭാഗമായി ഒരുക്കിയ പ്രത്യേക വാനിൽ പദ്ധതികളെക്കുറിച്ചുള്ള വീഡിയോ പ്രദർശനവും ഉണ്ടായിരിക്കും. പദ്ധതികളുടെ വിവരങ്ങൾ അടങ്ങിയ ലഘുലേഖകൾ വിതരണം ചെയ്യുകയും ചെയ്യുന്നുണ്ട്. പദ്ധതികളെക്കുറിച്ചുള്ള പരാതികളും സംശയങ്ങളും പരിഹരിക്കാൻ ഉദ്യോഗസ്ഥരുമുണ്ട്. കാർഷികമേഖലയിൽ സാങ്കേതിക വിദ്യകൾ പ്രയോഗിക്കുന്നതിൻറെ ഭാഗമായി വളപ്രയോഗത്തിനായി ഡ്രോൺ സാങ്കേതികവിദ്യ പരിചയപ്പെടുത്തുന്നുമുണ്ട്. കൂടാതെ വിവിധ പദ്ധതികളിലെ ഗുണഭോക്താക്കൾ തങ്ങളുടെ അനുഭവങ്ങൾ പങ്കുവക്കുന്നതും പദ്ധതികളെക്കുറിച്ച് കൂടുതൽ മനസിലാക്കാൻ സഹായിക്കുന്നു.

നവംബർ 28ന് മൂപ്പൈനാട് ഗ്രാമ പഞ്ചായത്തിൽ ആണ് വികസിത് ഭാരത് സങ്കൽപ് യാത്രയുടെ ജില്ലയിലെ പ്രയാണം ആരംഭിച്ചത്. നവംബർ 15ന് അട്ടപ്പാടിയിൽ ഗവർണ്ണർ ആരിഫ് മുഹമ്മദ്ഖാൻ ആണ് സംസ്ഥന തല യാത്രയുടെ ഫ്ളാഗ് ഓഫ് നിർവ്വഹിച്ചത്.

മേപ്പാടി, വൈത്തിരി, പൊഴുതന, പടഞ്ഞാറത്തറ പഞ്ചായത്തുകളിൽ ഇതിനകം യാത്രയുടെ പര്യടനം പൂർത്തിയായി. ഇന്ന് തരിയോട് പഞ്ചായത്തിലാണ് യാത്ര എത്തിച്ചേരുന്നത്. നാളെ വെങ്ങപ്പള്ളി പഞ്ചായത്തിലാണ് യാത്രയുടെ ഭാഗമായുള്ള പൊതുസമ്മേളനം. ഡിസംബർ 26 വരെ യാണ് ജില്ലയിലെ പഞ്ചായത്തുകളിൽ വികസിത് ഭാരത് സങ്കൽപ് യാത്രയുടെ പര്യടനം നടക്കുന്നത്.



# എയർ ഇന്ത്യ എക്സ്പ്രസിൻെറ നേവി ഡേ സെയിൽ

## വിരമിച്ചതും സേവനമനുഷ്ഠിക്കുന്നതുമായ ഡിഫൻസ്പാരാമിലിട്ടറി ഉദ്യോഗസ്ഥർക്കും അവരുടെ ആശ്രിതർക്കും ടിക്കറ്റ് നിരക്കിൽ 50 ശതമാനം ഇളവ്




**കൊച്ചി:** നാവികസേനാ ദിനത്തോടനുബന്ധിച്ച് ഡിസംബർ നാലിന് എയർ ഇന്ത്യ എക്സ്പ്രസ് പ്രത്യേക സെയിൽ പ്രഖ്യാപിച്ചു. വിരമിച്ചതും സേവനമനുഷ്ഠിക്കുന്നതുമായ ഡിഫൻസ്പാരാമിലിട്ടറി ഉദ്യോഗസ്ഥർക്കും അവരുടെ ആശ്രിതർക്കും ഡിസംബർ 4 ന് ബുക്ക് ചെയ്യുന്ന ഫ്ലൈറ്റുകളുടെ ടിക്കറ്റ് നിരക്കിൽ 50 ശതമാനം ഇളവ് ലഭിക്കും. എയർലൈനിൻറെ മൊബൈൽ ആപ്പിലും മശൃശിറശമലഃുൃലലൈ.രീ എന്ന വെബ്സൈറ്റിലും ലോഗിൻ ചെയ്ത് ബുക്ക് ചെയ്യുന്ന 2024 ജനുവരി 10 മുതലുള്ള യാത്രകൾക്കാണ് ഓഫർ. കൂടാതെ പ്രതിരോധ ഉദ്യോഗസ്ഥർക്ക് എയർലൈൻ ഇപ്പോൾ തന്നെ ലഭ്യമാക്കുന്ന കോംപ്ലിമെൻററി മുൻഗണനാ ബോർഡിംഗും ലഭിക്കും. ലോയൽറ്റി പ്രോഗ്രാമിലെ അംഗങ്ങൾക്ക് ഭക്ഷണം, സീറ്റുകൾ, ബാഗേജുകൾ, മാറ്റം, റദ്ദാക്കൽ ഫീസ് ഇളവുകൾ എന്നിവ പോലുള്ള എക്സ്ക്ലൂസീവ് മെമ്പർ ആനുകൂല്യങ്ങൾക്ക് പുറമേ 8 ശതമാനം വരെ ന്യൂകോയിൻസും ലഭിക്കും.

രാജ്യത്തിൻറെ സുരക്ഷ സംരക്ഷിക്കുന്നതിൽ പ്രതിരോധ ഉദ്യോഗസ്ഥരുടെ സംഭാവനകളെ എയർ ഇന്ത്യ എക്സ്പ്രസ് അങ്ങേയറ്റം അഭിനന്ദിക്കുന്നുവെന്നും അവരുടെ പ്രതിബദ്ധതയ്ക്കുള്ള ഒരു ചെറിയ ആദരവിലൂടെ അവരെ അവരുടെ കടുംബങ്ങളുമായി ബന്ധിപ്പിക്കുന്നതിനും നന്ദി പ്രകടിപ്പിക്കുന്നതിനുമാണ് ശ്രമിക്കുന്നതെന്നും എയർ ഇന്ത്യ എക്സ്പ്രസ് സിസിഒ അങ്കുർ ഗാർഗ് പറഞ്ഞു.

എയർ ഇന്ത്യ എക്സ്പ്രസിൻറെ എല്ലാ ആഭ്യന്തര റൂട്ടുകളിലും ഓഫർ ലഭ്യമാണ്. ഇന്ത്യൻ എയർ ഫോഴ്സ് കമാൻഡ് ഹെഡ്ക്വാർട്ടേഴ്സുകളായ തിരുവനന്തപുരം, ഡൽഹി, നേവി ബേസുകളായ മുംബൈ, വിശാഖപട്ടണം, കൊച്ചി ആർമി ബേസുകളായ കൊൽക്കത്ത, പൂനെ, ലഖ്നൗ, ജയ്പൂർ എന്നിവയുൾപ്പെടെയുള്ള 30 ആഭ്യന്തര ലക്ഷ്യസ്ഥാനങ്ങളിലേക്കാണ് എയർലൈൻ സർവീസ് നടത്തുന്നത്.

എയർ ഇന്ത്യ എക്സ്പ്രസ് അടുത്തിടെ നവീകരിച്ച ബ്രാൻഡ് ഐഡൻറിറ്റി അനാവരണം ചെയ്തിരുന്നു. വൈവിധ്യമാർന്ന ഗൊർമേർ ഭക്ഷണം, സുഖപ്രദമായ ഇരിപ്പിടങ്ങൾ, എയർഫ്ലിക്സ് ഇൻഫ്ലൈറ്റ് എക്സ്പീരിയൻസ് ഹബ്, എക്സ്ക്ലൂസീവ് ലോയൽറ്റി ആനുകൂല്യങ്ങൾ എന്നിവ എയർലൈൻ വാഗ്ദാനം ചെയ്യുന്നു.



# ഭിന്നശേഷിക്കാരുടെ ശാക്തീകരണത്തിനുള്ള ദേശീയ അവാർഡ് ആമസോൺ ഇന്ത്യക്ക്

**കൊച്ചി:** ഭിന്നശേഷിക്കാരായ വ്യക്തികളുടെ ശാക്തീകരണത്തിനുള്ള കേന്ദ്ര സർക്കാരിൻറ ദേശീയ അവാർഡ് ആമസോൺ ഇന്ത്യക്ക്. ഭിന്നശേഷിക്കാരുടെ ശാക്തീകരണത്തിനായുള്ള വകുപ്പും സാമൂഹ്യ നീതി, ശാക്തീകരണ മന്ത്രാലയവും ചേർന്നാണ് അവാർഡ് നൽകുന്നത്. ഭിന്നശേഷിക്കാരായ വ്യക്തികളുടെ ഉൾപ്പെടുത്തലിനും അനുയോജ്യമായ പരിസ്ഥിതിയും സൃഷ്ടിക്കുന്നതിലുള്ള കമ്പനിയുടെ സംഭാവന കണക്കിലെടുത്താണ് അവാർഡ് നൽകിയിരിക്കുന്നത്.

ഭിന്നശേഷിക്കാരുടെ രാജ്യാന്തര ദിനമായ ഡിസംബർ മൂന്ന് ഞായറാഴ്ച വിജ്ഞാൻ ഭവനിൽ രാഷ്ട്രപതി ദ്രൗപതി മുർമുവാണ് അവാർഡ് സമ്മാനിച്ചത്. എല്ലാവർക്കും അഭിവൃദ്ധി പ്രാപിക്കാൻ അവസരമുള്ള വൈവിധ്യവും തുല്യതയുമുള്ള ജോലിസ്ഥലത്തെ പരിപോഷിപ്പിക്കുന്നതിലുള്ള ആമസോൺ ഇന്ത്യയുടെ പ്രതിബദ്ധതയുടെ തെളിവാണ് ഈ അംഗീകാരം.

# കാൻസർ ചികിത്സ താങ്ങാനാവുന്നതാകണം : ഡോ. രവികണ്ണൻ

**കൊച്ചി:** ആറാമത് അമൃത ഇൻറർനാഷണൽ പബ്ലിക് ഹെൽത്ത് കോൺഫറൻസ് കൊച്ചിയിലെ അമൃത ഹോസ്പിറ്റലിൽ സമാപിച്ചു. കാൻസർ ചികിത്സയുടെ ലഭ്യത മെച്ചപ്പെടുത്തണമെന്നും ചികിത്സയ്ക്കായുള്ള തുക സാധാരണക്കാരന് താങ്ങാനാവുന്നതാകണമെന്നും സിൽച്ചാറിലെ കാച്ചാർ കാൻസർ ഹോസ്പിറ്റൽ ആൻഡ് റിസർച്ച് സെൻറർ ഡയറക്ടറും 2023ലെ മാഗ്സസെ പുരസ്കാര ജേതാവുമായ ഡോ. രവികണ്ണൻ തൻ്റെ സെഷനിൽ ചൂണ്ടിക്കാട്ടി. സമൂഹത്തിൻ്റെ മൊത്തത്തിലുള്ള അഭിവൃദ്ധിക്കായി എടുക്കേണ്ട ചുവടുകളെക്കുറിച്ചും അതിൽ ആരോഗ്യപ്രവർത്തകരുടെ പ്രാധാന്യത്തെക്കുറിച്ചും അദ്ദേഹം സംസാരിച്ചു. പൊതുജനാരോഗ്യത്തിൽ കാൻസർ നിയന്ത്രണത്തിന് അവലംബിക്കേണ്ട മാർഗ്ഗങ്ങൾ എന്ന വിഷയത്തെ കേന്ദ്രീകരിച്ച് നടന്ന ദ്വിദിന കോൺഫറൻസ് ഓങ്കോളജി വിഭാഗത്തിൻ്റെ സഹകരണത്തോടെയും റഷ്യയിലെ ഐടിഎംഒ യൂണിവേഴ്സിറ്റിയുടെ പങ്കാളിത്തത്തോടെയും അമൃത ആശുപത്രിയുടെ കമ്മ്യൂണിറ്റി മെഡിസിൻ ആൻ്റ് പബ്ളിക് ഹെൽത്ത് വിഭാഗമാണ് സംഘടിപ്പിച്ചത്. സിനിമാതാരവും മാക്സ് ഫൗണ്ടേഷൻ ദക്ഷിണേഷ്യൻ റീജിയൻ മേധാവിയുമായ വിജി വെങ്കിടേഷ് കോൺഫറൻസിൻ്റെ ഉദ്ഘാടനം നിർവഹിച്ചു. സമാപന സമ്മേളനത്തിൽ കൊച്ചി കാൻസർ റിസർച്ച് സെൻ്റർ ഡയറക്ടർ ഇൻ ചാർജ്ജും സൂപ്രണ്ടുമായ ഡോ. പി.ജി ബാലഗോപാൽ, യൂറേഷ്യൻ ഫെഡറേഷൻ ഒഫ് ഓങ്കോളജി സ്ഥാപകനും സി.ഇ.ഒയുമായ ഡോ. സോമസുന്ദരം എന്നിവർ മുഖ്യാതിഥികളായി.



**കോൺഫറൻസിൽ നിന്നുള്ള സുവനീർ യുറേഷ്യൻ ഫെഡറേഷൻ ഓഫ് ഓങ്കോളജി സ്ഥാപകനും സിഇഒയുമായ ഡോ. സോമസുന്ദരത്തിന് ദി മാക്സ് ഫൗണ്ടേഷൻ്റെയും സിനി ആർട്ടിസ്റ്റിൻ്റെയും ഇന്ത്യ, തെക്കു കിഴക്കൻ ഏഷ്യ റീജിയണൽ ഹെഡ് ശ്രീമതി വിജി വെങ്കിടേഷ് കൈമാറുന്നു**

ഇന്നത്തെ ശാസ്ത്രരംഗത്ത്, കൂട്ടായ പ്രവർത്തനങ്ങളിലൂടെയാണ് പുരോഗതി കൈവരിക്കാനാകുക. നമ്മുടെ ഉദ്യമങ്ങളിൽ രോഗികളെ ഉൾപ്പെടുത്തുമ്പോൾ അവരുടെ താൽപ്പര്യങ്ങളുമായി നമ്മുടെ താൽപ്പര്യങ്ങൾ പൊരുത്തപ്പെട്ടുപോകേണ്ടത് അനിവാര്യമാണ്. ശാസ്ത്രജ്ഞർ പലപ്പോഴും അവരുടെ ഡാറ്റ കാത്തുസൂക്ഷിക്കുമ്പോൾ, അമേരിക്കക്കാർക്കിടയിൽ കാണപ്പെടുന്ന മാതൃകാപരമായ സഹകരണം അതിൻ്റെ ഫലപ്രാപ്തിയെക്കുറിച്ച് ഒരു ഓർമ്മപ്പെടുത്തലാണ്. സഹകരണ സംരംഭങ്ങളിലൂടെയും ഗവേഷണത്തിലൂടെയും നമ്മുടെ പ്രാക്ടീസ് സമ്പ്രദായങ്ങളെ പുനർ രൂപകല്പന ചെയ്യാൻ പ്രാപ്തമാക്കുന്ന അർത്ഥവത്തായ ഡാറ്റ സൃഷ്ടിക്കാൻ നമുക്കാവുംഡോ. സോമസുന്ദരം പറഞ്ഞു.

കാൻസർ പരിചരണ രംഗത്തുണ്ടായ രൂപമാറ്റങ്ങൾ, റഷ്യയിലെയും മുൻ സോവിയറ്റ് രാജ്യങ്ങളിലെയും കാൻസർ നിയന്ത്രണത്തിൻ്റെ തനതായ വശങ്ങൾ, കാൻസർ പരിചരണത്തിൻ്റെ സാമ്പത്തികശാസ്ത്രം, കാൻസർ നിയന്ത്രണത്തിൽ എൻജിഒകളുടെ പങ്ക്, പാലിയേറ്റീവ് കെയറിൽ പൊതുജന സമീപനം എന്നിവയെക്കുറിച്ച് പരിശോധിച്ചു. കാൻസർ നിയന്ത്രണം നടപ്പിലാക്കുന്നതിലെ നിലവിലെ വെല്ലുവിളികളെക്കുറിച്ചുള്ള ചർച്ചകൾ നടത്തിയതിനോടൊപ്പം അമൃതയിൽ നിന്നുള്ള സമീപകാല മുന്നേറ്റങ്ങളെ കോൺഫറൻസ് ഉയർത്തിക്കാട്ടുകയും ചെയ്തു.

ഡോ. പ്രേം നായർ, ഡോ. പവിത്രൻ കെ, ഡോ. കൃഷ്ണകുമാർ എൻ.മേനോൻ, ഡോ. യോ സോങ്, ഡോ. ശ്രീകാന്ത് മൂർത്തി, ഡോ. അന്ന ഇ അൻഡ്രേചെങ്കോ, ഡോ. ഹരീഷ് കുമാർ, ഡോ. വസന്ത് പി. കെ, ഡോ. ടീന മേരി ജോയ്, ഡോ. ഷർമിളി പിംപിൾ, ഡോ. ബിപിൻ ഗോപാൽ, !ഡോ. അജോയ് മേനോ, ഡോ. സോമസുന്ദരം സുബ്രഹ്മണ്യൻ, ഡോ. രാജശ്രീ കെ.സി, ഡോ. എൻ. ഹരി മോഹൻ, ഡോ. സുരേഷ് കുമാർ, ഡോ. വെസ്ലി ഡബ്ള്യു ജോസ്, തുടങ്ങി പ്രഭാഷകർ സമ്മേളനത്തിൽ പങ്കെടുത്തു.



# കൊച്ചി അന്താരാഷ്ട്ര പുസ്തകോത്സവം; ലീലാമേനോൻ മാധ്യമ പുരസ്കാരങ്ങൾ വിതരണം ചെയ്തു

**കൊച്ചി :** ഇരുപത്തി ആറാമത് കൊച്ചി അന്താരാഷ്ട്ര പുസ്തകോത്സവത്തോട് അനുബന്ധിച്ചുള്ള ലീലാ മേനോൻ മാധ്യമ പുരസ്കാരങ്ങൾ വിതരണം ചെയ്തു. മുൻ കേന്ദ്ര മന്ത്രി ശ്രീ എം ജെ അക്ബർ മുഖ്യാഥിതിയായി. ഡോ. സെബാസ്റ്റ്യൻ പോൾ ചടങ്ങിൽ മുഖ്യ പ്രഭാഷണം നടത്തി.

മാധ്യമ മേഖലയിലെ സമഗ്ര സംഭാവനയ്ക്കുള്ള പുരസ്കാരം മുതിർന്ന മാധ്യമപ്രവർത്തകൻ ജികെ സുരേഷ് ബാബു ഏറ്റുവാങ്ങി. മികച്ച ടെലിവിഷൻ റിപ്പോർട്ടർക്കുള്ള പുരസ്കാരത്തിന് മാതൃഭൂമി ന്യൂസിലെ ന്യൂസ് എഡിറ്റർ ഡോ. ജി. പ്രസാദ് കുമാറും മികച്ച പത്ര റിപ്പോർട്ടർക്കുള്ള പുരസ്കാരത്തിന് മലയാള മനോരമയിലെ ചീഫ് സബ് എഡിറ്റർ ടി. അജീഷും മികച്ച ഫോട്ടോഗ്രാഫർക്കുള്ള പുരസ്കാരത്തിന് ന്യൂ ഇന്ത്യൻ എക്സ്പ്രസിലെ പ്രിൻസിപ്പൽ ഫോട്ടോഗ്രാഫർ എ സനീഷും മികച്ച ടെലിവിഷൻ ക്യാമറാമാനുള്ള പുരസ്കാരത്തിന് മനോരമ ന്യൂസിലെ സീനിയർ ക്യാമറാമാൻ വി സജീവും ഏറ്റുവാങ്ങി.





റോട്ടറി ക്ലബ് ഓഫ് കൊച്ചിൻ നൈറ്റ്സ് ഓട്ടിസം ബാധിച്ച കുട്ടികളെ സഹായിക്കാൻ സംഘടിപ്പിച്ച നാലാമത് സാന്റാ റണ്ണിനോടനുബന്ധിച്ച് ബോൾഗാട്ടി ഗ്രാൻഡ് ഹയാത്തിലെ സമാപന പരിപാടിയിൽ ചലച്ചിത്ര താരം ജയസൂര്യ, ഹൈബി ഈഡൻ എം പി, റോട്ടറി ക്ലബ് ഭാരവാഹികൾ തുടങ്ങിയവർ കുട്ടികളോടൊപ്പം

# ഓട്ടിസം ബാധിച്ച കുട്ടികളെ സഹായിക്കാൻ സാന്റാ റൺ സംഘടിപ്പിച്ചു

കൊച്ചി: അൻപത് വർഷങ്ങൾ കഴിഞ്ഞാൽ പുറത്തിറങ്ങുന്ന ഒരു മൊബൈൽ ഫോൺ ഇപ്പോൾ നമ്മുടെ കയ്യിൽ കിട്ടിയാൽ എങ്ങനെയായിരിക്കുമോ അങ്ങനെയാണ് ഓട്ടിസം ബാധിച്ച കുട്ടികളെന്ന് ചലച്ചിത്ര താരം ജയസൂര്യ. വലിയ കഴിവുകളുള്ള കുട്ടികളാണ് അവരെന്നും എന്നാൽ അവരുടെ മാതാപിതാക്കൾക്ക് ഉൾപ്പെടെ പലപ്പോഴും അത്തരം കുട്ടികളുടെ കഴിവുകൾ പുറത്തെടുക്കാനുള്ള കഴിവുകൾ നമുക്കില്ലെന്നും അദ്ദേഹം പറഞ്ഞു. ഓട്ടിസം ബാധിച്ച കുട്ടികളെയും കുടുംബത്തെയും സഹായിക്കുന്നതിന് റോട്ടറി ക്ലബ് ഓഫ് കൊച്ചിൻ നൈറ്റ്സ് സംഘടിപ്പിച്ച നാലാമത് സാന്റാ റണ്ണിനോടനുബന്ധിച്ച് ബോൾഗാട്ടി ഗ്രാൻഡ് ഹയാത്തിലെ സമാപന പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

മറ്റുള്ളവർക്ക് നൽകാനാവുന്ന ഏറ്റവും വിലപ്പെട്ട സമ്മാനം അവർക്കായി നമ്മുടെ സമയം നീക്കിവെക്കുക എന്നതാണ്. ഇത്തരം കുട്ടികൾക്കായി നീക്കിവെക്കുന്ന സമയം അവർക്കുള്ള മികച്ച സമ്മാനമാണെന്നും ജയസൂര്യ പറഞ്ഞു.

കൊച്ചി മാരത്തണുകളുടെ നഗരമായി മാറുകയാണെന്നും ഇത്തരം പരിപാടികൾ സംഘടിപ്പിച്ച റോട്ടറി ക്ലബ് ഓഫ് കൊച്ചിൻ നൈറ്റ്സിനെ അഭിനന്ദിക്കുന്നതായും ഹൈബി ഈഡൻ എം പി പറഞ്ഞു.

റോട്ടറി ഡിസ്ട്രിക്ട് 3201 ഗവർണർ ടി ആർ വിജയ് കുമാർ, അസിസ്റ്റന്റ് ഗവർണർ ശ്വേത വാസുദേവൻ, ഡിസ്ട്രിക്ട് ഡയറക്ടർ അരവിന്ദ്, ചെയർമാൻ സാബു ജോണി, ഡോ. ഫെസി ലൂയിസ്, ഡോ. അരുൺ ഉമ്മൻ, സുനിൽ ശ്രീധർ, ജി എൻ രമേശ് തുടങ്ങിയവർ സംസാരിച്ചു.

വിവിധ വിഭാഗങ്ങളിൽ മാരത്തൺ പൂർത്തിയാക്കിയവർക്ക് ജയസൂര്യയും ഹൈബി ഈഡൻ എം പിയും സമ്മാനങ്ങൾ വിതരണം ചെയ്തു. രണ്ടായിരത്തിലേറെ പേരാണ് സാന്റാ റണ്ണിലും സൈക്കിളിംഗിലും പങ്കെടുത്തത്. ഓട്ടിസം ബാധിച്ച കുട്ടികളുടെ പരിപാടികൾ, ഫിറ്റ്നസ് ഡാൻസ് തുടങ്ങി വിവിധ പരിപാടികളും സാന്റാ റണ്ണിന്റെ ഭാഗമായി അരങ്ങേറി.




# യുഎഇ ദേശീയ ദിനത്തിന് ആകർഷകമായ ഇളവുകളുമായി എയർ ഇന്ത്യ എക്സ്പ്രസ്

**കൊച്ചി:** യുഎഇ ദേശീയ ദിനാഘോഷത്തിൻറെ ഭാഗമായി എയർ ഇന്ത്യ എക്സ്പ്രസ് എല്ലാ അന്താരാഷ്ട്ര വിമാനങ്ങളിലും 15 ശതമാനം ഇളവ് പ്രഖ്യാപിച്ചു. 2024 മാർച്ച് 31 വരെയുള്ള യാത്രകൾക്കായി 2023 ഡിസംബർ 3 വരെ നടത്തുന്ന നേരിട്ടുള്ള ബുക്കിംഗുകൾക്കാണ് ഇളവ് ലഭിക്കുക. എയർലൈനിൻറെ മൊബൈൽ ആപ്പിലും മശൃശിരശ മലഃൂലലൈ.രീ എന്ന വെബ്സൈറ്റിലും ലോഗിൻ ചെയ്ത് ബുക്ക് ചെയ്യുന്ന ഉപയോക്താക്കൾക്ക് യാത്രാ സമയത്ത് കോംപ്ലിമെൻററി ഫ്രഷ് ഫ്രൂട്ട് പ്ലാറ്ററും ലഭിക്കും.

ഇന്ത്യയിൽ നിന്ന് യുഎഇയിലേക്ക് മാത്രം ആഴ്ചയിൽ 195 സർവീസുകൾ എയർ ഇന്ത്യ എക്സ്പ്രസ് നടത്തുന്നുണ്ട്. ദുബായിലേക്ക് 80 സർവീസുകളും ഷാർജയിലേക്ക് 77 സർവീസുകളും അബുദാബിയിലേക്ക് 31 സർവീസുകളും ആഴ്ചയിലുണ്ട്. കൂടാതെ യുഎഇയിലെ മറ്റ് ലക്ഷ്യസ്ഥാനങ്ങളായ അൽ ഐനിലേക്ക് 2 സർവീസുകളും റാസൽ ഖൈമയിലേക്ക് 5 സർവീസുകളും ആഴ്ചയിൽ ഉണ്ട്. യു.എ.ഇ ദേശീയ ദിനം ആഘോഷിക്കുന്ന അവസരത്തിൽ, യു.എ.ഇയെയും ഇന്ത്യയെയും ബന്ധിപ്പിക്കുന്ന വിപുലമായ ശൃംഖലയിലൂടെ ഈ മേഖലയോടുള്ള എയർ ഇന്ത്യ എക്സ്പ്രസിൻറെ സമർപ്പണം വീണ്ടും ഉറപ്പിക്കുകയാണെന്ന് എയർ ഇന്ത്യ എക്സ്പ്രസ് ഇൻറർനാഷണൽ ബിസിനസ് വൈസ് പ്രസിഡൻറ് താര നായിഡു പറഞ്ഞു. 18 വർഷം മുമ്പ് തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ നിന്ന് ഒരേ സമയം ദുബായിലേക്ക് സർവീസുകൾ ആരംഭിച്ചുകൊണ്ടാണ് എയർ ഇന്ത്യ എക്സ്പ്രസ് പ്രവർത്തനം ആരംഭിച്ചത് എന്നും അവർ അനുസ്മരിച്ചു.

29 ബോയിംഗ് 737, 28 എയർബസ് എ320 എന്നിവയുൾപ്പെടെ 57 വിമാനങ്ങളുള്ള എയർ ഇന്ത്യ എക്സ്പ്രസ് 30 ആഭ്യന്തര, 14 അന്താരാഷ്ട്ര ലക്ഷ്യ സ്ഥാനങ്ങളിലേക്കായി പ്രതിദിനം 300 ലധികം വിമാന സർവീസുകൾ നടത്തുന്നുണ്ട്. എയർ ഇന്ത്യ എക്സ്പ്രസ് അടുത്തിടെ നവീകരിച്ച ബ്രാൻഡ് ഐഡൻറിറ്റി അനാവരണം ചെയ്തിരുന്നു. വൈവിധ്യമാർന്ന ഗൊർമേർ ഭക്ഷണം, സുഖപ്രദമായ ഇരിപ്പിടങ്ങൾ, എയർഫ്ലിക്സ് ഇൻഫ്ലൈറ്റ് എക്സ്പീരിയൻസ് ഹബ്, എക്സ്ക്ലൂസീവ് ലോയൽറ്റി ആനുകൂല്യങ്ങൾ എന്നിവ എയർലൈൻ വാഗ്ദാനം ചെയ്യുന്നു.



# കളറിംഗ് ദി ലൈവ്സ് ഓഫ് യൂത്ത് കാമ്പയിന് തുടക്കം

**കാഞ്ഞിരപ്പള്ളി:** യുവാക്കൾ ചിന്തകളെയും തലച്ചോറിനെയും നശിപ്പിക്കുന്ന മയക്കുമരുന്നിൽനിന്ന് മാറിനിൽക്കണമെന്ന് നിയമസഭാ ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ.

ലയൺസ് ഡിസ്ട്രിക്ട് 318ആ യുടെ ഭാഗമായ പ്രവാസികളുടെ ക്ലബ്ബായ മോഡൽ ലയൺസ് ക്ലബ് ഓഫ് അടൂർ എമിറേറ്റ്സ് കേരളത്തിലെ കോളജുകളിലും സ്കൂളുകളിലും കളറിംഗ് ദി ലൈവ്സ് ഓഫ് യൂത്ത് എന്ന പേരിൽ മയക്കുമരുന്നിനെതിരേ സംഘടിപ്പിക്കുന്ന നാലു മാസം നീണ്ടുനിൽക്കുന്ന കാമ്പയിൻറെ സംസ്ഥാനതല ഉദ്ഘാടനം കാഞ്ഞിരപ്പിള്ളി അമൽജ്യോതി കോളജ് ഓഫ് എൻജിനിയറിംഗിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം.

കോളജ് മാനേജർ റവ. ഡോ. മാത്യു പായിക്കാട്ട് അധ്യക്ഷത വഹിച്ചു. ആൻറോ ആൻറണി എംപി, ലയൺസ് ഡിസ്ട്രിക്ട് ഗവർണർ ഡോ. ബിനോ ഐ. കോശി, വേൾഡ് മലയാളി കൗൺസിൽ ഗ്ലോബൽ ചെയർമാൻ ജോണി കുരുവിള, പ്രോഗ്രാം കമ്മിറ്റി ചെയർമാൻ സി.യു. മത്തായി, കോളജ് പ്രിൻസിപ്പൽ ഡോ. ലില്ലിക്കുട്ടി ജേക്കബ്, എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർ ജയചന്ദ്രൻ, സോണൽ ചെയർമാൻ വർഗീസ് പനക്കൽ, മുൻ ലയൺസ് ഡിസ്ട്രിക്ട് ഗവർണർ കെ.എ. തോമസ്, ക്ലബ് പ്രസിഡൻറ് വിനീഷ് മോഹൻ സെക്രട്ടറി സന്തോഷ് എന്നിവർ പ്രസംഗിച്ചു. കാമ്പയിൻറെ ഭാഗമായി നടത്തുന്ന ഷോർട് ഫിലിം മത്സരത്തിൻറെ ബ്രോഷർ കോളജ് ഡയറക്ടർ ഡോ. സെഡ്. വി. ലക്കപ്പറമ്പിലിന് നൽകി ജോണി കുരുവിള നിർവഹിച്ചു.

കോളജ് യൂണിയൻ ചെയർമാൻ അഭിജിത്തും വൈസ് ചെയർപേഴ്സൺ അലീനയും ചേർന്ന് കോളജ് വിദ്യാർഥികൾക്ക് മയക്കുമരുന്നിനെതിരേയുള്ള പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. കാമ്പയിൻറെ ഭാഗമായി ഷോർട് ഫിലിം ഫെസ്റ്റ്, ഹാക്കത്തോൺ, വാക്കത്തോൺ, കലകായികമത്സരങ്ങൾ, സെമിനാറുകൾ, ഫ്ലാഷ് മൊബ് എന്നിവ സംഘടിപ്പിക്കുന്നുണ്ട്.



# കടമാൻതോട് പദ്ധതി: കെഇആർഇ സംഘം വിവരശേഖരണം തുടങ്ങി

**പുൽപ്പള്ളി:** കടമാൻതോട് ജലസേചന പദ്ധതിയുടെ അന്തിമ രൂപരേഖ തയാറാക്കുന്നതിനു മുന്നോടിയായി പീച്ചിയിലെ കേരള എൻജിനിയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റിയൂട്ടിൽനിന്നുള്ള(കെഇആർഇ)സംഘം വിവരശേഖരണം തുടങ്ങി.

കോസ്റ്റൽ എൻജിനിയറിംഗ് ഡിവിഷൻ ഡെപ്യൂട്ടി ഡയറക്ടർ ടി.വി. സിജി, അസിസ്റ്റൻറ് ഡയറക്ടർ കെ. ദേവരാജൻ എന്നിവരുടെ നേതൃത്വത്തിലുള്ള ഏഴംഗ സംഘമാണ് വിവരശേഖരണം നടത്തുന്നത്. ഇതിനകം പൂർത്തിയായ ലിഡാർ സർവേയിൽ ശേഖരിച്ച വിവരങ്ങൾ ശരിയോ എന്നു പരിശോധിക്കുന്നതിനാണ് നേരത്തെ അടയാളപ്പെടുത്തിയ 80 ഗ്രൗണ്ട് കൺട്രോൾ പോയിൻറുകളിൽനിന്നു തെരഞ്ഞെടുത്ത 15 എണ്ണം കേന്ദ്രീകരിച്ച് വിവരശേഖരണം.



# ആലുവ മുനിസിപ്പൽ ഗ്രൗണ്ടിന് പുതിയ മുഖം: ഉദ്ഘാടനം 9ന്

**ആലുവ:** നിരവധി ഫുട്ബോൾ മേളകൾക്ക് വേദിയായി ദേശീയ താരങ്ങളെ വാർത്തെടുത്ത സബ് ജയിൽ റോഡിലെ മുനിസിപ്പൽ ഗ്രൗണ്ടിൻറെ ആദ്യഘട്ട നവീകരണം പൂർത്തിയായി. പുതിയ മുഖം കൈവരിച്ച മൈതാനത്തിൻറെ ഉദ്ഘാടനം ഒമ്പതിന് വൈകിട്ട് അഞ്ചിന് ബെന്നി ബഹനാൻ എംപി നിർവഹിക്കും.

കഴിഞ്ഞ ഫെബ്രുവരിയിലാണ് എംപി ഫണ്ട് ഉപയോഗിച്ച് നവീകരണം ആരംഭിച്ചത്. ഗ്രൗണ്ടിൻറെ പ്രവേശന കവാടത്തിലെ വലിയ തണൽമരം വെട്ടിമാറ്റിയാണ് നവീകരണം തുടങ്ങിയത്. ടോയ്ലറ്റ് ബ്ലോക്ക് നിർമാണം ആദ്യം നടത്തി. 55 ലക്ഷം രൂപ ചെലവഴിച്ച് 30 അടി ഉയരത്തിൽ സ്റ്റീൽ ഫെൻസിംഗ്, പുതിയ പ്രവേശന കവാടം, ഇലക്ട്രിഫിക്കേഷൻ എന്നിവയും പൂർത്തിയായി. നൈലോൺ നെറ്റ് കൂടി അടുത്ത ദിവസം സ്ഥാപിക്കും. റോഡിലേക്കും സമീപത്തെ വീടുകളിലേക്കും പന്തുകൾ എത്തുന്ന പ്രശ്നവും ഇതോടെ ഇല്ലാതാകും. രണ്ടാംഘട്ട നവീകരണത്തിൽ ആർട്ടിഫിഷ്യൽ ടർഫ് നിർമാണവും ഉടൻ തുടങ്ങുമെന്ന് ആലുവ നഗരസഭാധ്യക്ഷൻ എം.ഒ. ജോൺ അറിയിച്ചു.



# വയനാട് റെയിൽവേ: പുതിയ നിർദേശവുമായി കബനി തീര റെയിൽവേ കർമ സമിതി

**പുൽപ്പള്ളി:** പാരിസ്ഥിതിക അനുമതിയുടെയും സാങ്കേതിക തടസങ്ങളുടെയും പേരിൽ നഞ്ചൻഗോഡ്നിലന്പൂർ, തലശേരി മൈസൂരു റെയിൽ പദ്ധതികൾ അനിശ്ചിതത്വത്തിലായ സാഹചര്യത്തിൽ പുതിയ നിർദേശവുമായി കബനി തീര റെയിൽവേ കർമ സമിതി. നഞ്ചൻഗോഡ് എൻ ബേ ഗൂർ ജക്കള്ളി കൊളവള്ളി പുൽപ്പള്ളിബത്തേരിനിലന്പൂർ ലൈൻ ആണ് സമിതി നിർദേശിക്കുന്നത്.

കേവലം നാല് കിലോമീറ്റർ മാത്രം വനത്തിലൂടെ കടന്നുപോകുന്ന ഈ ലൈനിൻറെ സാധ്യത പരിശോധിക്കണമെന്ന് കർമസമിതി ചെയർമാൻ ഇ.എ. ശങ്കരൻ, വി.ടി. തോമസ്, എം.എം. വർഗീസ്, ഷിനോ, ജയിംസ് മാപ്പനാത്ത് എന്നിവർ വാർത്തസമ്മേളനത്തിൽ റെയിൽവേ അധികാരികളോട് ആവശ്യപ്പെട്ടു. ഈ റെയിൽ പദ്ധതിക്ക് 13 ഹെക്ടർ വനഭൂമിയാണ് ഉപയോഗപ്പെടുത്തേണ്ടിവരിക.

ബത്തേരിയിൽനിന്നു മാനന്തവാടി വഴി തലശേരിക്ക് പാത ദീർഘിപ്പിക്കാനാകും. പദ്ധതി നിർദേശം കേന്ദ്ര, കേരള, കർണാടക സർക്കാരുകളുടെ ശ്രദ്ധയിൽപ്പെടുത്താമെന്ന് എംപി ഉറപ്പുനൽകിയതായും കർമസമിതി ഭാരവാഹികൾ പറഞ്ഞു.

